VOL NO: 05 I ISSUE 35
www.nerpatham.com
mail@nerpatham.com
2021 SEPTEMBER 04 I ₹12

# നേർപഥം

വാരിക



# ചരിത്രത്തിലിടം കിട്ടാത്തവരുടെ ചരിത്രരചനകൾ

ഭൂതകാലത്തിന്റെ നന്മകളെ
അപഹസിക്കുകയും വെറുപ്പിന്റെ
തത്ത്വശാസ്ത്രത്തെ ഉപാസിക്കുകയും
ചെയ്യുന്നവർ പറയാൻ കൊള്ളാവുന്ന
പാരമ്പര്യമില്ലാത്തവരോ
ജനാധിപത്യമൂല്യങ്ങളിൽ
അവിശ്വസിക്കുന്നവരോ
ആയിരുന്നു, പണ്ട്.
എന്നാൽ അവരാണിപ്പോൾ
ചരിത്രരചയിതാക്കൾ. അവരാണത്രെ
പൈതൃകത്തെ മാറ്റിപ്പണിയുന്നവർ!

- ചരിത്രസത്യത്തെ ഭയപ്പെടുന്നവർ

- മതം മനുഷ്യനന്മക്ക്
- സൽകർമങ്ങളുടെ ലക്ഷ്യം തെറ്റരുത്
- രോഗ പ്രതിരോധം: ഇസ്‌ലാമിക മാർഗനിർദേശങ്ങൾ



wisdomyouth



നാം എല്ലാ നേരവും വയറ് നിറച്ച്
വിഭവസമൃദ്ധമായ ഭക്ഷണം
കഴിക്കുമ്പോൾ ആഹാരത്തിനായി
കൊതിയോടെ കഴിയുന്ന മനുഷ്യർക്കായി ഒരു ശ്രമം

WISDOM YOUTH

# treat

## Hunger free homes

WISDOM ISLAMIC ORGANIZATION -TREAT
AC.NO. 921010033265035
AXIS BANK LTD CALICUT BRANCH
IFSC-UTIB0000136

LIVE STREAMING
wisdomglobaltv
wisdomyouth

**WISDOM ISLAMIC YOUTH ORGANIZATION,**
**C.V.COMPLEX, P.V.SWAMI ROAD, CALICUT**

0241

# നേർപഥം

വാരിക

2021 സെപ്തംബർ 04

1442 മുഹർറം 26

പുസ്തകം 05 / ലക്കം 35



Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly






10



## ചരിത്രത്തിലിടം കിട്ടാത്തവരുടെ ചരിത്രരചനകൾ

പി. വി. എ പ്രിംറോസ്

05
**മുഖമൊഴി**
സൽകർമങ്ങളുടെ ലക്ഷ്യം തെറ്റരുത്
എഡിറ്റർ

06
**വിവർത്തനം**
ആരാധനകൾക്കൊരു ആമുഖം
ശമീർ മദീനി

18
**ലേഖനം**
രോഗ പ്രതിരോധം: ഇസ്‌ലാമിക മാർഗനിർദേശങ്ങൾ
ഡോ. ടി. കെ യൂസുഫ്

22
**പുനർവായന**
മതം മനുഷ്യനന്മക്ക്
കെ. ഉമർ മൗലവി

26
**ചരിത്രപഥം**
പ്രവാചകന്റെ കാലത്തെ യുദ്ധങ്ങൾ
ഹുസൈൻ സലഫി, ഷാർജ

32
**ലേഖനം**
ചരിത്രസത്യത്തെ ഭയപ്പെടുന്നവർ
അബ്ദുൽ മാലിക് സലഫി

34
**കവിത**
വെള്ളത്തിൽ ആണിയടിക്കുന്നവർ
ഉസ്മാൻ പാലക്കാഴി

ചലനങ്ങൾ

# ചരിത്ര ഗവേഷണ കൗൺസിലിന്റ വിശ്വാസ്യത തകർക്കരുത്: വിസ്ഡം വിർച്വൽ പ്രതിഷേധ സംഗമം

മലപ്പുറം: സ്വാതന്ത്ര്യസമര പോരാട്ടത്തിലെ 387 ധീരദേശാഭിമാനികളുടെ പേരുകൾ നീക്കം ചെയ്യാനുള്ള ഐ.സി.എച്ച്.ആറിന്റെ തീരുമാനം ദുരുപദിഷ്ഠിതവും ഗവേഷണ കൗൺസിലിന്റെ വിശ്വാസ്യത തകർക്കുന്നതുമാണെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സമിതി ചുരണ്ടി മാറ്റിയാൽ ചരിത്രം മായില്ല' എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച വിർചൽ പ്രതിഷേധ സംഗമം അഭിപ്രായപ്പെട്ടു.

ഇന്ത്യൻ സമ്പദ്ഘടനയിൽ മാനവവിഭവശേഷി പ്രധാന ഘടകമായിരിക്കെ ധൈഷണിക സംഭാവന നൽകുന്ന ഇത്തരം സംവിധാനങ്ങളെ വർഗീയവൽകരിക്കുന്നത് രാജ്യത്തെ തകർക്കുന്ന നടപടിയാണ്. സ്വാതന്ത്ര്യസമര പോരാട്ടങ്ങളിലും വർഗീയത ആരോപിച്ച് ന്യൂനപക്ഷങ്ങളെ അപരവൽകരിക്കാൻ അക്കാദമിക സംവിധാനങ്ങളെപോലും ദുരുപയോഗം ചെയ്യുകയാണ്.

വാരിയംകുന്നത്ത് കുഞ്ഞഹമദ് ഹാജിയുടെ 'മലയാള രാജ്യം' പോലെയുള്ള പ്രാദേശിക രൂപകൽപനയും എല്ലാവരെയും ഉൾകൊള്ളാനുള്ള വിശാലമനസ്സും ശ്രദ്ധേയമാണ്. അതിനെ തകർക്കാൻ ബ്രിട്ടീഷുകാരോടൊപ്പം ചേർന്ന് പ്രവർത്തിച്ചവരാണ് രാജ്യസ്നേഹികളെ ചോദ്യം ചെയ്യുന്നതെന്നും സംഗമം അഭിപ്രായപ്പെട്ടു.

പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഉൽഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ.സി ഹാരിസ് മദനി കായക്കൊടി അധ്യക്ഷനായിരുന്നു. ഡോ.അബ്ദുസ്സമദ് സമദാനി എം.പി മുഖ്യ പ്രഭാഷണം നടത്തി, പന്ന്യൻ രവീന്ദ്രൻ, ഡോ. ഫസൽ ഗഫൂർ, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, വിസ്ഡം യൂത്ത് ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ സ്വലാഹി, ഡോ.അൻവർ സാദത്ത്, നഹാസ് മാള, റഷീദ് കുട്ടമ്പൂർ, മുജീബ് ഒട്ടുമ്മൽ നിഷാദ് സലഫി പ്രസംഗിച്ചു.

## സ്വാതന്ത്ര്യസമര പോരാട്ടങ്ങളെ വർഗീയവൽകരിക്കാൻ ശ്രമിച്ചത് ആർ.എസ്.എസ്: വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

കോഴിക്കോട്: സ്വാതന്ത്ര്യസമര പോരാട്ടങ്ങളെയും സമരനായകരെയും ഒറ്റുകൊടുത്തും വർഗീയ ചേരിതിരിവുണ്ടാക്കിയും ഭിന്നിപ്പിക്കാൻ ശ്രമിച്ചവരുടെ പിൻഗാമികളാണ് ഇന്ത്യൻ ചരിത്ര കൗൺസിലായി മാറിയതെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സമിതി അഭിപ്രായപ്പെട്ടു.

കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച സ്വാതന്ത്ര്യസമര രക്തസാക്ഷികളുടെ പട്ടികയിൽനിന്നും വാരിയം കുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയടക്കമുള്ളവരെ നീക്കംചെയ്യാനുള്ള നടപടികൾ ചരിത്രത്തോട് കാണിക്കുന്ന കടുത്ത ക്രൂരതയും തികഞ്ഞ അനീതിയുമാണ്.

സ്വാതന്ത്ര്യസമരത്തിൽ യാതൊരു പങ്കാളിത്തവും വഹിക്കാതെ ഒറ്റുകാരുടെ റോളിൽമാത്രം നിന്നവരുടെ പിൻഗാമികൾ രാജ്യം ഭരിക്കുമ്പോൾ സ്വാതന്ത്ര്യസമര ചരിത്രം പൂർണമായും അപനിർമിച്ചാലും അതിൽ അത്ഭുതപ്പെടേണ്ടതില്ലെന്നും സങ്കുചിതമായ ഇത്തരം ദുഷ്ചെയ്തികളെ ചരിത്ര വിദ്യാർഥികളും മതേതര സമൂഹവും പുച്ഛിച്ചു തള്ളിക്കളയുമെന്നും സംസ്ഥാന സമിതി അഭിപ്രായപ്പെട്ടു.

അക്കാദമിക സമൂഹത്തിന്റെ ഇവ്വിഷയത്തിലുള്ള പ്രതികരണം മതനിരപേക്ഷ സമൂഹത്തിന് വലിയ പ്രതീക്ഷ നൽകുന്നതാണ്.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുൽ ലത്തീഫ് മദനി അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ, അബൂബക്കർസലഫി, ഫൈസൽ മൗലവി പുതുപ്പറമ്പ്, പ്രൊഫ. ഹാരിസുബ്നു സലീം, നാസിർ ബാലുശ്ശേരി, അബ്ദുൽ മാലിക് സലഫി, കെ. സജ്ജാദ് എന്നിവർ പങ്കെടുത്തു.

മുഖമൊഴി

# സൽകർമങ്ങളുടെ ലക്ഷ്യം തെറ്റരുത്

സ്രഷ്ടാവിന്റെ കൽപനകൾക്ക് കീഴൊതുങ്ങി ജീവിക്കുന്നവനാണ് മുസ്‌ലിം. അവൻ ഏതൊരു സൽകർമം ചെയ്യുന്നതും സ്രഷ്ടാവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ടായിരിക്കണം. തന്റെ രഹസ്യപരസ്യങ്ങൾ അറിയുന്ന രക്ഷിതാവിന്റെ സംതൃപ്തി മാത്രം ആഗ്രഹിച്ചുകൊണ്ട് ചെയ്യേണ്ടുന്ന കാര്യങ്ങൾ മറ്റുള്ളവരുടെ പ്രീതിക്കുവേണ്ടിയും ഭൗതികമായ നേട്ടങ്ങൾ ആഗ്രഹിച്ചുകൊണ്ടും ചെയ്യുന്നത് കനത്ത ശിക്ഷയർഹിക്കുന്ന വലിയ തെറ്റാണെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. നമസ്‌കരിക്കുക, ഹജ്ജ് ചെയ്യുക, ദാനം ചെയ്യുക... തുടങ്ങിയ അനേകം സൽകർമങ്ങൾ ചെയ്യേണ്ടവനാണ് മുസ്‌ലിം. അതൊക്കെ അവന്റെ പരലോക വിജയത്തിന് അനിവാര്യമാണെന്നിരിക്കെ അക്കാര്യങ്ങൾ ലോകമാന്യത്തിനായി ചെയ്യുന്നത് ദൈവത്തെ നിസ്സാരനാക്കലാണ്, ദൈവത്തെ ധിക്കരിക്കലാണ്. മാത്രമല്ല ദൈവത്തിൽ പങ്കുചേർക്കൽ കൂടിയാണത്. സോഷ്യൽ മീഡിയയുടെ കാലത്ത് നല്ലകാര്യങ്ങൾ ചെയ്യുന്നത് ആളുകൾക്കിടയിൽ കീർത്തി ലഭിക്കാനും പൊങ്ങച്ച പ്രകടനത്തിനായും ചിലർ ഉപയോഗപ്പെടുത്തുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നുണ്ട്.

വിശുദ്ധ ക്വുർആൻ പറയുന്നു: "എന്നാൽ തങ്ങളുടെ നമസ്‌കാരത്തെപ്പറ്റി ശ്രദ്ധയില്ലാത്തവരും ജനങ്ങളെ കാണിക്കുവാൻ വേണ്ടി പ്രവർത്തിക്കുന്നവരുമായവർക്ക് നാശം" (107:4-6).

"സത്യവിശ്വാസികളേ, (കൊടുത്തത്) എടുത്തു പറഞ്ഞുകൊണ്ടും ശല്യമുണ്ടാക്കിക്കൊണ്ടും നിങ്ങളുടെ ദാനധർമങ്ങളെ നിഷ്ഫലമാക്കരുത്. അല്ലാഹുവിലും പരലോകത്തിലും വിശ്വാസമില്ലാതെ ജനങ്ങളെ കാണിക്കുവാൻ വേണ്ടി ധനം ചെലവഴിക്കുന്നവനെപ്പോലെ നിങ്ങളാകരുത്. അവനെ ഉപമിക്കാവുന്നത് മുകളിൽ അൽപം മണ്ണ് മാത്രമുള്ള മിനുസമുള്ള ഒരു പാറയോടാകുന്നു. ആ പാറമേൽ കനത്ത ഒരു മഴ പതിച്ചു. ആ മഴ അതിനെ ഒരു മൊട്ടപ്പാറയാക്കി മാറ്റിക്കളഞ്ഞു. അവർ അധ്വാനിച്ചതിന്റെ യാതൊരു ഫലവും കരസ്ഥമാക്കാൻ അവർക്ക് കഴിയുകയില്ല.... " (2:264).

അല്ലാഹുവിനു വേണ്ടി ചെയ്യുന്നു എന്നു വരുത്തിത്തീർക്കുവാൻ ശ്രമിക്കുകയും എന്നാൽ ചെയ്യുന്നതിന്റെ ലക്ഷ്യം ലോകമാന്യവുമാണെങ്കിൽ ഒരുപക്ഷേ, ആളുകൾ അതറിഞ്ഞുകൊള്ളണമെന്നില്ല. എന്നാൽ അല്ലാഹു അതറിയാതിരിക്കില്ല.

"...നിങ്ങളുടെ മനസ്സിലുള്ളത് രഹസ്യമാക്കിയാലും പരസ്യമാക്കിയാലും അല്ലാഹു അതിനെക്കുറിച്ച് വിചാരണ നടത്തുന്നതാണ്" (2:284).

ജനങ്ങളെ കാണിക്കുവാനായി ഭക്തി പ്രകടമാക്കലും ആരാധനകൾ ചെയ്യലും യഥാർഥ വിശ്വാസിയുടെ സ്വഭാവമല്ല. പാരത്രികലോകത്ത് മനുഷ്യർ തങ്ങളുടെ കർമഫലങ്ങൾ സ്വീകരിക്കാനായി നിൽക്കുന്ന സന്ദർഭത്തിൽ, ലോകമാന്യതയ്ക്കായി കർമങ്ങൾ ചെയ്തവരോട് അല്ലാഹു ഇപ്രകാരം പറയുമെന്ന് നബി ﷺ പറഞ്ഞിട്ടുണ്ട്: "ഐഹിക ജീവിതത്തിൽ ആരെ കാണിക്കുവാൻ വേണ്ടിയാണോ നിങ്ങൾ പ്രവർത്തിച്ചത് അവരുടെ അടുക്കൽ പോയി പ്രതിഫലം വല്ലതുമുണ്ടോ എന്ന് അന്വേഷിക്കുക" (അഹ്മദ്).

ലോകമാന്യത്തിനു വേണ്ടി കർമം ചെയ്യുന്നവരുടെ ദൗർഭാഗ്യകരമായ പര്യവസാനം വ്യക്തമാക്കുന്ന, ഇമാം മുസ്‌ലിം ഉദ്ധരിക്കുന്ന ഒരു ദീർഘമായ ഒരു പ്രവാചക വചനമുണ്ട്. ധീരനെന്ന് പറയപ്പെടുവാൻ വേണ്ടി രക്തസാക്ഷ്യം വരിച്ചവനും പണ്ഡിതനെന്ന് ആളുകൾ പറയാൻ വേണ്ടി പഠിക്കുകയും ഓത്തുകാരൻ എന്ന് അറിയപ്പെടുവാൻ വേണ്ടി ക്വുർആൻ പാരായണം ചെയ്തവനും വലിയ ധർമിഷ്ഠനാണെന്ന പേര് ലഭിക്കുവാനായി ധർമം ചെയ്തവനും നരകത്തിലേക്ക് എറിയപ്പെടുന്നതായാണ് അതിൽ വിശദീകരിക്കുന്നത്.

ശമീർ മദീനി
shameermadeeni@gmail.com



# ആരാധനകൾക്കൊരു ആമുഖം

**ഇബ്നുൽ ഖയ്യിം അൽജൗസി രചിച്ച
'അൽ വാബിലുസ്സ്വയ്യിബ്' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം**

20

മലക്കുകളുടെ സൃഷ്ടിപ്പ് പ്രകാശത്താലായതിനാൽ അവരാണ് അല്ലാഹുവിന്റെ അടുക്കലേക്ക് കയറിപ്പോകുന്നത്. അപ്രകാരംതന്നെയാണ് സത്യവിശ്വാസികളുടെ ആത്മാക്കളും. അവരെ മലക്കുകൾ ഏറ്റെടുക്കുമ്പോൾ അല്ലാഹുവിന്റെ സമക്ഷത്തിങ്കലേക്ക് കയറിപ്പോകും. അങ്ങനെ ആകാശത്തിന്റെ ഓരോ കവാടങ്ങൾ അവർക്കുവേണ്ടി തുറന്നുകൊടുക്കും. ഏഴാനാകാശത്തിൽ എത്തിക്കഴിഞ്ഞാൽ അല്ലാഹുവിന്റെ മുമ്പിൽ നിറുത്തപ്പെടും. എന്നിട്ട് 'ഇല്ലിയ്യീനി'ൽ അവരുടെ രേഖ കുറിക്കുവാൻ കൽപനയുണ്ടാകും.

ഈ ആത്മാവ് വിശുദ്ധവും വിമലീകരിക്കപ്പെട്ടതും പ്രകാശപൂരിതവുമായതിനാൽ മലക്കുകളോടൊപ്പം അല്ലാഹുവിന്റെ സവിധത്തിലേക്ക് കയറിപ്പോകും. എന്നാൽ ഇരുൾമുറ്റിയ, മ്ലേച്ഛവും ദുഷിച്ചതുമായ ആത്മാവിനാകട്ടെ ആകാശകവാടങ്ങൾ തുറന്നുകൊടുക്കുകയില്ല. അല്ലാഹുവിലേക്ക് കയറിപ്പോവുകയുമില്ല. മറിച്ച് ഒന്നാനാകാശത്തുവെച്ചു തന്നെ അതിനെ തിരസ്കരിക്കും. കാരണം അത് മേൽപറഞ്ഞ ആത്മാക്കളെപ്പോലെ ഔന്നത്യമുള്ളതല്ല; അധമത്വമുള്ളതാണ്. അപ്പോൾ ഓരോ ആത്മാവും അതിന്റേതായ പ്രകൃതത്തിലേക്കും അടിസ്ഥാനത്തിലേക്കും മടങ്ങും. ഇമാം അഹ്മദും അബൂഅവാനയും ഹാകിമും മറ്റും ഉദ്ധരിക്കുന്ന ബറാഉബ്നു ആസിബി﵁ന്റെ ദീർഘമായ ഒരു ഹദീഥിലൂടെ വിശദമാക്കപ്പെട്ട സംഗതിയാണിത്. പ്രസ്തുത ഹദീഥ് സ്വീകാര്യയോഗ്യമാണ്. ചുരുക്കത്തിൽ പ്രകാശത്താലുള്ളവയല്ലാത്ത (വാക്കുകളോ പ്രവൃത്തികളോ ആത്മാക്കളോ) അല്ലാഹുവിന്റെയടുത്തേക്ക് കയറിപ്പോകുന്നതല്ല. സൃഷ്ടികളിൽ ഏറ്റവും വലിയ പ്രകാശത്തിന്റെ ഉടമ അല്ലാഹുവിലേക്ക് ഏറ്റവും അടുത്തതും ഏറ്റവും ആദരണീയനുമായിരിക്കും.

അബ്ദുല്ലാഹിബ്നു അംറ്﵁ നബി ﷺയിൽനിന്ന് ഉദ്ധരിക്കുന്നു: “നിശ്ചയം അല്ലാഹു തന്റെ സൃഷ്ടികളെ ഒരുതരം ഇരുട്ടിലാണ് സൃഷ്ടിച്ചത്. എന്നിട്ട് അവരുടെമേൽ പ്രകാശം ഇട്ടുകൊടുത്തു. ആർക്കാണോ ആ പ്രകാശത്തിൽനിന്ന് ലഭിച്ചത് അവർ സന്മാർഗം പ്രാപിച്ചു. ആർക്കത് കിട്ടാതെ പോയോ അവർ വഴികേടിലായി.” അബ്ദുല്ലാഹിബ്നു അംറ്﵁ പറയുന്നു: “അതിനാൽ ഞാൻ പറയട്ടെ, അല്ലാഹുവിന്റെ മുൻകൂട്ടിയുള്ള അറിവിന്റെ അടിസ്ഥാനത്തിൽ തീരുമാനമായി” (തിർമുദി, അഹ്മദ്, ഇബ്നുഹിബ്ബാൻ, ഹാകിം).

ഈ മഹത്തായ പ്രവാചകവചനം സത്യവിശ്വാസത്തിന്റെ അടിത്തറകളിൽപെട്ട ഒരു അടിത്തറയാണ്. ഇതിലൂടെ ക്വദ്റിന്റെ (വിധിയുടെ) രഹസ്യങ്ങളുടെ വാതിലുകളും യുക്തിയും തുറന്നുകിട്ടും. അല്ലാഹുവാണ് ഉദവിയേകുന്നവൻ.

അല്ലാഹു ഇട്ടുകൊടുത്ത ഈ പ്രകാശമാണ് അവർക്ക് ജീവസ്സുനൽകുകയും അവരെ നേർമാർഗത്തിലാക്കുകയും ചെയ്തത്. അങ്ങനെ പരിശുദ്ധ പ്രകൃതിക്ക് (ഫിത്വ്റത്ത്) അതിൽനിന്നുള്ള വിഹിതം ലഭിച്ചു. പക്ഷേ, അത് പൂർണമായും അവർക്ക് സ്വതന്ത്രമായി ലഭിച്ചില്ല. അതിനാൽ അല്ലാഹു അവന്റെ ദൂതന്മാർക്ക് നൽകിയ ദിവ്യബോധന(വഹ്യ്)ത്തിലൂടെ അത് പൂർത്തീകരിച്ചു. അല്ലാഹു കൊടുത്ത ദിവ്യബോധനത്തിന്റെ പ്രകാശം നേരത്തെ നൽകപ്പെട്ട പ്രകാശത്തിന്റെ സഹായത്താൽ ശുദ്ധപ്രകൃതി കണ്ടെടുക്കുകയും ചെയ്തു. അങ്ങനെ വഹ്യിന്റെയും പ്രവാചകത്വത്തിന്റെയും പ്രകാശം ശുദ്ധപ്രകൃതിയുടെ പ്രകാശത്തിലേക്ക് ചേർന്നു. പ്രകാശത്തിനുമേൽ പ്രകാശം! അപ്പോൾ ഹൃദയങ്ങൾ അതുമുഖേന പ്രകാശിച്ചു. മുഖങ്ങൾ അതിലൂടെ പ്രശോഭിതമായി. ആത്മാവുകൾക്ക് ജീവസ്സ് ലഭിക്കുകയും ചെയ്തു. അതിലൂടെ സർവ അവയവങ്ങളും അല്ലാഹുവിനെ അനുസരിച്ചുകൊണ്ട് കീഴ്പ്പെടുകയും ചെയ്തു. അങ്ങനെ ഹൃദയങ്ങൾക്ക് അതുമുഖേന ജീവസ്സ് ലഭിക്കുകയും അവ ചൈതന്യവത്താവുകയും ചെയ്തു.

പിന്നീട് ആ പ്രകാശം അതിനെക്കാൾ മഹത്തരമായ മറ്റൊരു പ്രകാശത്തെ അറിയിച്ചുകൊടുത്തു. അതായത് ഉന്നതമായ വിശേഷണങ്ങളുടെ പ്രകാശം. മറ്റു പ്രകാശങ്ങളെല്ലാം അതിന്റെ മുന്നിൽ നിഷ്പ്രഭമാകും. ഈമാനിന്റെ അകക്കണ്ണുകൾകൊണ്ടാണ് ആ പ്രകാശത്തെ കാണാനാവുക. കണ്ണുകൊണ്ട് കാണാവുന്ന വസ്തുക്കളെ നാം കണ്ണുകൊണ്ട് കാണുന്നപോലെ ഇത് ഹൃദയംകൊണ്ടാണ് കാണുന്നത്. ദൃഢബോധ്യത്തിന്റെ (യക്വീൻ) മേൽക്കോയ്മകൊണ്ടും ഈമാനിന്റെ യാഥാർഥ്യങ്ങൾ വെളിപ്പെടുന്നതുകൊണ്ടുമാണ് അത് സാധിക്കുന്നത്. അങ്ങനെ ആ അകക്കണ്ണുകൊണ്ട് (ക്വുർആനും സുന്നത്തും അറിയിച്ചതുപോലെ) അല്ലാഹുവിന്റെ സിംഹാസനത്തിലേക്കും (അർശ്) അവന്റെ ആരോഹണത്തിലേക്കും (ഇസ്തിവാഅ്) നോക്കിക്കാണുന്നത് പോലെയുണ്ടാകും.


സൃഷ്ടിയുടെ കാര്യങ്ങൾ നിയന്ത്രിക്കുകയും കൽപിക്കുകയും വിരോധിക്കുകയും ചെയ്തുകൊണ്ടും, സൃഷ്ടിക്കുകയും അനുഗ്രഹങ്ങൾ നൽകുകയും ചെയ്തുകൊണ്ടും, വിധിക്കുകയും അത് നടപ്പിൽവരുത്തുകയും ചെയ്തുകൊണ്ടും, ചിലർക്ക് അന്തസ്സും അഭിമാനവും നൽകുകയും മറ്റു ചിലരെ ഇകഴ്ത്തുകയും നിന്ദിക്കുകയും ചെയ്തുകൊണ്ടും, രാപകലുകളെ മാറ്റിമറിച്ചുകൊണ്ടും, ദിവസങ്ങളെ ജനങ്ങൾക്കിയിൽ ഊഴംവെച്ചുകൊണ്ട് മാറ്റിമറിക്കുന്ന, രാജ്യങ്ങളെ മാറ്റിമറിച്ച് ഒന്നിനെ കൊണ്ടുവരികയും മറ്റൊന്നിലെ ഇല്ലാതാക്കുകയും ചെയ്യുന്ന അല്ലാഹുവിന്റെ പ്രവൃത്തികളിലേക്ക് നോക്കിക്കാണുന്നപോലെയുണ്ടാകും.

മലക്കുകൾ അല്ലാഹുവിന്റെ കൽപനകളുമായി ഇറങ്ങിവരികയും കയറിപ്പോവുകയും ചെയ്യുന്നു. അവന്റെ കൽപനകളും നിർദേശങ്ങളും ഓരോ സമയത്തിനും സന്ദർഭത്തിനമനുസരിച്ച് വന്നുകൊണ്ടിരിക്കുകയും ചെയ്യും. അവന്റെ ഉദ്ദേശത്തിനും നിർദേശത്തിനുമനുസരിച്ച് അവ നടപ്പിലാവുകയും ചെയ്യുന്നതാണ്. അവൻ ഉദ്ദേശിക്കുന്നത് ഉദ്ദേശിക്കുന്നപോലെ അതിന്റേതായ സമയത്തിലും കോലത്തിലും യാതൊരുവിധ ഏറ്റവ്യത്യാസങ്ങളുമില്ലാതെ, ഒട്ടും താമസിക്കുകയോ നേരത്തെയാവുകയോ ചെയ്യാതെ യഥാവിധം സംഭവിക്കുന്നു. അവന്റെ കൽപനകളും അധികാരങ്ങളും ആകാശങ്ങളിലും ഭൂമിയിലും സർവദിക്കുകളിലും നടപ്പിലാകുന്നു. ഭൂമിയിലും ഭൂമിക്കടിയിലും കടലിലും അന്തരീക്ഷത്തിലും എന്ന് വേണ്ട സർവ ചരാചരങ്ങളിലും അതാണ് നടക്കുന്നത്. അവനാണ് അവയെ മാറ്റിമറിക്കുന്നതും നിയന്ത്രിക്കുന്നതും ഓരോന്നും പുതുതായി ഉണ്ടാക്കുന്നതും. അവയെ സംബന്ധിച്ചെല്ലാമുള്ള സൂക്ഷ്മവും വിശദവുമായ അറിവ് അവന്റെ പക്കലുണ്ട്. എല്ലാറ്റിനെയും അവൻ എണ്ണിത്തിട്ടപ്പെടുത്തിയിട്ടുണ്ട്. അവന്റെ കാരുണ്യവും യുക്തിയും എല്ലാറ്റിനെയും ഉൾക്കൊണ്ടിരിക്കുന്നു. അവന്റെ കേൾവി എല്ലാ ശബ്ദങ്ങളെയും കേൾക്കുന്നു. അവയിൽ യാതൊന്നും അവന് വിട്ടുപോവുകയോ ആശയക്കുഴപ്പത്തിലാവുകയോ അവ്യക്തമാവുകയോ ഇല്ല. മറിച്ച് വ്യത്യസ്തങ്ങളായ ഭാഷകളിലുള്ള വിവിധങ്ങളായ ആവശ്യങ്ങൾ അവൻ കേട്ടുകൊണ്ടിരിക്കുന്നു. അത് അവന് യാതൊരു അസ്വസ്ഥതയും പ്രയാസവും സൃഷ്ടിക്കുന്നില്ല. ചോദ്യങ്ങളുടെ ആധിക്യം അവന് ഒരു പിഴവും വരുത്തുന്നില്ല. ആവശ്യക്കാരുടെ നിരന്തരമായ ചോദ്യങ്ങളും അപേക്ഷകളും അവന് യാതൊരു മടുപ്പും അരോചകത്വവുമുണ്ടാക്കുന്നില്ല.

അവന്റെ കാഴ്ച സർവവസ്തുക്കളെയും വലയംചെയ്തിരിക്കുന്നു. കൂരാകൂരിരുട്ടിൽ കറുത്തപാറയിലൂടെ അരിച്ചുനീങ്ങുന്ന കറുത്ത ഉറുമ്പുകളുടെ ചലനവും അവൻ കാണുന്നു. അദൃശ്യം അവന്റെ പക്കൽ ദൃശ്യമാണ്. രഹസ്യങ്ങൾ അവനെ സംബന്ധിച്ചിടത്തോളം പരസ്യങ്ങളാണ്. മറച്ചുവെക്കുന്നതും രഹസ്യമാക്കുന്നതുമെല്ലാം അവൻ അറിയുന്നു. ഒരാളുടെ മനസ്സിൽ തോന്നുന്നതും ഒളിപ്പിക്കുന്നതും നാവിലൂടെ ഉരിയാടാത്തതുമായ രഹസ്യങ്ങൾ (സിർറുകൾ) അവൻ അറിയും. അതിനെക്കാൾ ഗോപ്യമായ, മനസ്സിലിതുവരെ തോന്നുകപോലും ചെയ്യാത്ത കാര്യങ്ങൾ -ഇന്നിന്ന കാര്യങ്ങൾ ഇന്നാലിന്ന സമയത്ത്അവരുടെ മനസ്സിൽ തോന്നും എന്നതടക്കം- അവൻ അറിയുന്നു.

അവന്നാണ് സൃഷ്ടിപ്പും കൽപനാധികാരവും. അവന്നാകുന്നു സർവാധിപത്യവും സർവ സ്തുതികളും. അവന്റേതാണ് ഈ ലോകവും പരലോകവും. സർവ അനുഗ്രഹങ്ങളും ശ്രേഷ്ഠതകളും അവന്റേതാകുന്നു. അവനുള്ളതാണ് ഏറ്റവും നല്ല കീർത്തനങ്ങൾ. അവന്നാകുന്നു സർവതിന്റെയും ഉടമസ്ഥതയും ആധിപത്യവും. എല്ലാവിധ സ്തുതികീർത്തനങ്ങളും അവന് അവകാശപ്പെട്ടതാണ്. അവന്റെ കൈയിലാണ് സർവ നന്മകളും. എല്ലാ കാര്യങ്ങളും മടങ്ങുന്നത് അവന്റെയടുക്കലേക്കാണ്. അവന്റെ ശക്തിമാഹാത്മ്യങ്ങൾ എല്ലാറ്റിനെയും ഉൾക്കൊണ്ടിരിക്കുന്നു. അവന്റെ കാരുണ്യം എല്ലാറ്റിനെയും വലയം ചെയ്തിരിക്കുന്നു. ജീവനുള്ള എല്ലാറ്റിലും അവന്റെ അനുഗ്രഹം വിശാലമായിരിക്കുന്നു. ക്വുർആൻ പറയുന്നു: "ആകാശങ്ങളിലും ഭൂമിയിലും ഉള്ളവർ അവനോട് ചോദിച്ചുകൊണ്ടിരിക്കുന്നു. എല്ലാ ദിവസവും അവൻ കാര്യനിർവഹണത്തിലാകുന്നു" (55:29).

അവൻ പാപം പൊറുക്കുന്നു. സങ്കടം നീക്കുന്നു. ദുരിതമകറ്റുന്നു പ്രയാസങ്ങൾ പരിഹരിക്കുന്നു. ദരിദ്രനെ ധനികനാക്കുന്നു. അറിവില്ലാത്തവന് അ



റിവു നൽകുന്നു. വഴിതെറ്റി ഉഴറുന്നവന് വഴികാണിക്കുന്നു. വഴികേടിലകപ്പെട്ടവനെ സന്മാർഗത്തിലാക്കുന്നു. ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നു, ആശ്വാസം നൽകുന്നു. വിശക്കുന്നവരുടെ വയറുനിറക്കുന്നു. വസ്ത്രമില്ലാത്തവരെ വസ്ത്രം ധരിപ്പിക്കുന്നു. രോഗിക്ക് ശമനം നൽകുന്നു. പശ്ചാത്തപിക്കുന്നവരുടെ പശ്ചാത്താപം അവൻ സ്വീകരിക്കുന്നു. നന്മചെയ്യുന്നവർക്ക് അവൻ പ്രതിഫലം നൽകുന്നു. മർദിതനെ സഹായിക്കുന്നു. ധിക്കാരികളെ അടക്കിനിർത്തുന്നു. വീഴ്ചകൾ പൊറുക്കുന്നു. ന്യൂനതകൾ മറച്ചുവെക്കുന്നു. ഭീതിതർക്ക് നിർഭയത്വം നൽകുന്നു. ചിലർക്ക് അവൻ പദവികളുയർത്തുകയും ചിലരുടെ പദവികൾ താഴ്ത്തുകയും ചെയ്യുന്നു.

അവന്ന് ഉറക്കമില്ല. ഉറക്കമെന്നത് അവന് ചേർന്നതല്ല. അവൻ നീതി നടപ്പിലാക്കുന്നു. രാത്രിയിലെ കർമങ്ങൾ പകലിനു മുമ്പായും പകലിലെ പ്രവൃത്തികൾ രാത്രിക്കുമുമ്പായും അവനിലേക്ക് ഉയർത്തപ്പെടുന്നു. അവന്റെ മറ പ്രകാശമാകുന്നു. ആ മറ നീക്കിയാൽ അവന്റെ തിരുമുഖത്തിന്റെ ഒളി കണ്ണെത്തും ദൂരത്തുള്ള സർവ സൃഷ്ടികളെയും കരിച്ചുകളയുന്നതാണ്.

അവന്റെ കൈകൾ നിറഞ്ഞതാണ്. ചെലവഴിക്കുന്നതുകൊണ്ട് അതിൽ കുറവുവരുന്നില്ല. രാപകലുകൾ ഭേദമന്യെ ഔദാര്യം ചെയ്യുന്ന അത്യുദാരനാണവൻ. സൃഷ്ടികളെ സൃഷ്ടിച്ചതുമുതൽ അവൻ നൽകിക്കൊണ്ടിരിക്കുന്നത് നിങ്ങൾ കാണുന്നില്ലേ? എന്നിട്ടും അവന്റെ കൈകളിലുള്ളത് തീർന്നുപോയിട്ടില്ല.

അടിമകളുടെ ഹൃദയങ്ങളും അവരുടെ മൂർധാവുകളും അവന്റെ കയ്യിലാണ്. കാര്യങ്ങളുടെ കടിഞ്ഞാണുകൾ അവന്റെ ക്വദാക്വദ്റുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. അന്ത്യദിനത്തിൽ ഭൂമിമുഴുവൻ അവന്റെ പിടുത്തത്തിലായിരിക്കും. ആകാശങ്ങളും അവന്റെ കയ്യിൽ ചുരുട്ടിപ്പിടിക്കും. ആകാശങ്ങളെയെല്ലാം ഒരു കയ്യിലും ഭൂമിയെ ഒരു കയ്യിലുമായി അവൻ പിടിക്കും. എന്നിട്ട് അവയെ കുലുക്കിക്കൊണ്ട് അവൻ പറയും: "ഞാനാണ് രാജാധിരാജൻ. ഞാനാണ് യഥാർഥ ഉടമസ്ഥൻ. ഞാനാണ് ഈ ലോകത്തെ ഉണ്ടാക്കിയത്. അത് ഒന്നുമെ ആയിരുന്നില്ല. ഞാനാണ് അതിനെ ആദ്യത്തേതുപോലെ പുനഃസൃഷ്ടിക്കുന്നതും."

ഏത് പാപം പൊറുക്കാനും അവന് പ്രയാസമില്ല. ഏത് ആവശ്യം അവനോടു ചോദിച്ചാലും അത് നൽകാനും അവന് ബുദ്ധിമുട്ടില്ല.

ആകാശ ഭൂമികളിലെ സർവരും ആദ്യ സൃഷ്ടി മുതൽ അവസാന സൃഷ്ടിവരെ എല്ലാവരും മനുഷ്യരും ജിന്നുവർഗവും ആസകലം അവരിൽ ഏറ്റവും ഭക്തനായ ഒരാളുടെ മനസ്സുപോലെ ആയിരുന്നാലും

> **അല്ലാഹുവിന്ന് ഉറക്കമില്ല. ഉറക്കമെന്നത് അവന് ചേർന്നതല്ല. അവൻ നീതി നടപ്പിലാക്കുന്നു. രാത്രിയിലെ കർമങ്ങൾ പകലിനു മുമ്പായും പകലിലെ പ്രവൃത്തികൾ രാത്രിക്കുമുമ്പായും അവനിലേക്ക് ഉയർത്തപ്പെടുന്നു. അവന്റെ മറ പ്രകാശമാകുന്നു. ആ മറ നീക്കിയാൽ അവന്റെ തിരുമുഖത്തിന്റെ ഒളി കണ്ണെത്തും ദൂരത്തുള്ള സർവ സൃഷ്ടികളെയും കരിച്ചുകളയുന്നതാണ്.**

അത് അവന്റെ ആധിപത്യത്തിൽ യാതൊരു വർധനവുമുണ്ടാക്കുകയില്ല.

ഇനി എല്ലാവരും, അതായത് ആദ്യത്തെയാൾ മുതൽ അവസാനത്തെയാൾവരെയും ജിന്നുകളുമെല്ലാം ഏറ്റവും ദുർമാർഗിയായ ഒരാളുടെ മനസ്സു പോലെ ആയിരുന്നാലും അത് അവന്റെ ആധിപത്യത്തിൽനിന്ന് യാതൊരു കുറവും വരുത്തുകയില്ല.

ആകാശഭൂമികളിലെ സർവരും മനുഷ്യരും ജിന്നുകളും അവരിൽ ജീവിച്ചിരിക്കുന്നവരും മരിച്ചുപോയവരും എല്ലാവരും ഒരു സ്ഥലത്ത് അണിനിരന്നുകൊണ്ട് അവനോട് അവരുടെ ആവശ്യങ്ങൾ ചോദിക്കുകയും അവർക്കോരോരുത്തർക്കും അവർ ചോദിച്ചതെല്ലാം നൽകുകയും ചെയ്താലും അവന്റെ പക്കലുള്ളതിൽനിന്നും ഒരു അണുമണിത്തൂക്കം പോലും അത് കുറവു വരുത്തുകയില്ല.

ദുനിയാവ് ഉണ്ടായതുമതൽ അത് അവസാനിക്കുന്നതുവരെയുള്ള, ഭൂമിയിലെ മരങ്ങളെല്ലാം പേനകളും സമുദ്രങ്ങൾക്കു പുറമെ വേറെയും ഏഴു സമുദ്രങ്ങൾ മഷിയായി എടുക്കുകയും എന്നിട്ട് ആ പേനകൾകൊണ്ടും മഷി കൊണ്ടും എഴുതുകയും ചെയ്താൽ പേനകൾ നശിക്കുകയും മഷിതീരുകയും ചെയ്യുമെന്നല്ലാതെ അത്യുന്നതനും അനുഗ്രഹപൂർണനുമായ അല്ലാഹുവിന്റെ വചനങ്ങൾ തീരുകയില്ല.

(തുടരും)

പി.വി.എ പ്രിംറോസ്
anilprimrose@gmail.com





# ചരിത്രത്തിലിടം കിട്ടാത്തവരുടെ ചരിത്രരചനകൾ

**ഭൂതകാലത്തിന്റെ നന്മകളെ അപഹസിക്കുകയും വെറുപ്പിന്റെ തത്ത്വശാസ്ത്രത്തെ ഉപാസിക്കുകയും ചെയ്യുന്നവർ പറയാൻ കൊള്ളാവുന്ന പാരമ്പര്യമില്ലാത്തവരോ ജനാധിപത്യമൂല്യങ്ങളിൽ അവിശ്വസിക്കുന്നവരോ ആയിരുന്നു, പണ്ട്. എന്നാൽ അവരാണിപ്പോൾ ചരിത്രരചയിതാക്കൾ. അവരാണത്രെ പൈതൃകത്തെ മാറ്റിപ്പണിയുന്നവർ!**

'ഇപ്പോഴും മഴ പെയ്യുമ്പോൾ കുന്നിന്റെ മുകളിൽ മൈതാനത്തുനിന്ന് വെള്ളം കുമിഞ്ഞ് താഴേക്കൊഴുകുന്നത് ബ്രിട്ടീഷുകാരന്റെ ഉണ്ട തൊളഞ്ഞ ആ ചെരിവു വഴിയാണ്. കുന്ന് അതിന്റെ വ്രണം കഴുകിക്കളയുകയാണ്. പക്ഷേ, ഏതു വശത്തു നിന്നു നോക്കിയാലും ചരിവ് ആ ഭാഗത്തേക്കല്ല. എന്നിട്ടും വെ

ള്ളമൊഴുകുന്നത്... അത്ഭുതം തന്നെ. കുന്നിനൊക്കെ ഹൃദയമുണ്ടോ...?'

'നീ കൂടുതൽ കുഴപ്പത്തിലേക്കു നീങ്ങുന്നു.'

'താഴെയെത്തുമ്പോൾ വെള്ളത്തിന് ഈയത്തിന്റെ പശപ്പും ചവർപ്പും തിളക്കവുമാണ്. ഈയ ഉണ്ടകളുടെ അവശേഷിപ്പ്... എന്നിട്ട്... എന്നിട്ടിപ്പോൾ ടാ... എനിക്കു ദേഷ്യം വരുന്നു.'

'കുഴപ്പമില്ല.'

'എന്നിട്ടിപ്പോൾ കുടുംബശ്രീ പദ്ധതി ഉദ്ഘാടനം ചെയ്യാൻ വന്ന പ്രധാനമന്ത്രിയുടെ ഹെലികോപ്റ്ററിറക്കാൻ ഈ കുന്നിലെ മൈതാനത്തെ രണ്ടു കിണറുകൾ കുഴിച്ചുമൂടി. ഒരുത്തനും മിണ്ടിയില്ല, അറിയുമോ നിനക്ക്?'

'ആ പൊട്ടക്കിണറുകളോ?'

'ചവിട്ടും ഞാൻ നാറീ! പൊട്ടക്കിണറോടാ. എത്ര വെടികൊണ്ട ദേഹങ്ങളെയാടാ ബ്രിട്ടീഷുകാർ അതിലിട്ടത്; ജീവനോടെയും അല്ലാതെയും. വെടികൊണ്ടവരെ വെട്ടിയരിഞ്ഞ് കാർക്കിച്ചുതുപ്പി അവൻമാർ... ഹോ! തെളിനീരൊഴുകിയിരുന്ന ആ കിണറുകളിൽ വിലായത്ത് സമരക്കാരുടെ ജഡം നിറച്ചു. ചരിത്രം, അതിന്റെ ചത്തുതീരാത്ത അസ്ഥിക്കെട്ട് മണ്ണിനടിയിൽ അനക്കം തീണ്ടാതെ ശ്വസിക്കുന്നുണ്ട്. അതാണ് ഇവിടൊരു പ്രധാനമന്ത്രിക്ക് ഹെലിപ്പാ... ഇവിടുത്തെ ഉദ്യോഗസ്ഥൻമാർ മണ്ണിട്ടുമൂടിയത്.'

'പിന്നല്ലാതെ. ഇന്നിന് പ്രസക്തിയില്ലാത്തതെല്ലാം മണ്ണുമൂടി പോകട്ടെ. ആർക്കു വേണം ചരിത്രം? ഏതു ....ക്കുവേണം. നിലവിൽ... ഇപ്പോൾ എന്തുണ്ട് അതാണു കാര്യം.' (ചെറുകഥ - മലപ്പുറം കോട്ടക്കുന്ന്: ജി.ആർ. ഇന്ദുഗോപൻ).

അതെ! അധികാരപീഠത്തിലിരിക്കുന്നവരുടെ പൈതൃകം പേറാത്തതോ അവർക്ക് സ്തുതിപാടാത്തതോ ഒന്നും ചരിത്രമല്ല. അതാണ് അഭിനവ രാഷ്ട്രീയം. അല്ല, പണ്ടും അങ്ങനെ തന്നെയായിരുന്നു; മനുനിയമ കാലത്തും.

സഹനത്തിന്റെയും ചെറുത്തുനിൽപിന്റെയും തിരിച്ചടിയുടെയും വീരകഥകൾ അന്നും ഇന്നും ഭീരുക്കൾക്ക് ചതുർഥിയാണ്. വെറുപ്പിന്റെ വായ്ത്താരികളായി അതവരുടെ കർണപുടങ്ങളെ അലോസരപ്പെടുത്തിക്കൊണ്ടേയിരിക്കും.

ഭൂതകാലത്തിന്റെ നന്മകളെ അപഹസിക്കുകയും അസഹിഷ്ണുതയുടെ തത്ത്വശാസ്ത്രത്തെ ഉപാസിക്കുകയും ചെയ്യുന്നത് പറയാൻ കൊള്ളാവുന്ന പാരമ്പര്യമില്ലാത്തതുകൊണ്ടുമാത്രമല്ല; ജനാധിപത്യ മൂല്യങ്ങളോട് വിശ്വാസമില്ലാത്തതുകൊണ്ട് കൂടിയാണ്.

അതെ, പറഞ്ഞുവരുന്നത് ICHRന്റെ രക്തസാക്ഷി പട്ടികയിൽനിന്ന് മലബാർ സമര നായകരെയടക്കം നീക്കം ചെയ്തതും അവർക്ക് വർഗീയപട്ടം ചാർത്തിക്കൊടുത്തതും തന്നെയാണ്.

കേന്ദ്രസർക്കാരിന്റെ സാംസ്കാരിക വകുപ്പും ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ചും (ICHR) സംയുക്തമായി പ്രസിദ്ധീകരിച്ച, സ്വാതന്ത്ര്യസമരത്തിൽ രക്തസാക്ഷിത്വം വരിച്ച ധീരദേശാഭിമാനികളെ അടയാളപ്പെടുത്തിയ Dictionary of Matryrs of India's Freedom Struggle (1857-1947) എന്ന രക്തസാക്ഷി നിഘണ്ടുവിൽനിന്ന് 387 ധീരരക്തസാക്ഷികളെ നീക്കംചെയ്തിരിക്കുകയാണ്. 2019 മാർച്ച് 7ന്, ന്യൂഡൽഹി ലോക് കല്യാൺ മാർഗിൽ നടന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോഡിയാണ് അഞ്ച് വാല്യങ്ങളുള്ള നിഘണ്ടു പ്രകാശനം ചെയ്തത്. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് രക്തസാക്ഷിത്വം വരിച്ചവരെ ഓർമിക്കാനുള്ള പ്രഥമ പരിശ്രമമാണ് ഈ നിഘണ്ടുവെന്നാണ് അന്ന് പ്രകാശനവേളയിൽ പ്രധാനമന്ത്രി അവകാശപ്പെട്ടത്. ഇന്ത്യാഗേറ്റ് പരിസരത്ത് കൊത്തിവച്ചി

> **ഭരണാധികാരികൾ രചിക്കുന്ന ചരിത്രത്തെ His Story എന്ന് വിളിച്ചത് ആരാണെന്നറിയില്ല. പക്ഷേ, യഥാർഥത്തിൽ സമകാലിക ഇന്ത്യയുടെ പശ്ചാത്തലത്തിലെങ്കിലും ആ ആരോപണം ശരിയെന്ന് തെളിയിക്കുന്നുണ്ട്. ഹിന്ദുത്വ ഫാഷിസ്റ്റുകൾ ഭരണം കയ്യാളിയതിനുശേഷം 'ഇന്ത്യൻ ചരിത്രത്തിൽ' നടക്കുന്നത് മറ്റൊന്നല്ല. നെഹ്റു മുതൽ വാരിയൻകുന്നൻവരെ പോസ്റ്ററിൽനിന്നും പേജുകളിൽനിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന കാലത്ത് ബ്രിട്ടീഷുകാരോട് മാപ്പിരന്ന് കയ്യും നാവും തളർന്നവർ ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ അർധകായ ചിത്രമായി പ്രദർശിപ്പിക്കപ്പെടുന്ന വിരോധാഭാസമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്.**

**ചരിത്രരംഗത്ത് യാതൊരു സംഭാവനയും നൽകാത്ത ഹിന്ദുത്വ വേദിയായ ഭാരതീയ ഇതിഹാസ് സങ്കലൻ യോജനയുടെ ആന്ധ്ര ഘടകത്തിന്റെ മേധാവിയായ യെല്ലപ്രഗത സുദർശൻ റാവു എന്ന പ്രചാരകനെ 2014ൽ ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ചി(ICHR)ന്റെ ചെയർമാനാക്കി ചരിത്രത്തെ കോട്ടിമാറ്റാനുള്ള ശ്രമങ്ങൾക്ക് മോഡി സർക്കാർ തുടക്കമിട്ടു. ഹിന്ദു പുരാണങ്ങളുടെയും ഇതിഹാസങ്ങളുടെയും ചരിത്രപരത തെളിയിക്കലായിരുന്നു സുദർശൻ റാവുവിന്റെ ആദ്യ ഉദ്യമം. ഇന്ത്യൻ ജാതിവ്യവസ്ഥ യുക്തിഭദ്രമാണെന്നും അതിന് മാനവികമായ അടിത്തറയുണ്ടെന്നും തെളിയിക്കാനായിരുന്നു പിന്നീടദ്ദേഹം ശ്രമിച്ചത്.**

ട്ടുണ്ടായിരുന്ന നാഷണൽ വാർ മെമ്മോറിയൽ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനെ പറ്റി അന്നദ്ദേഹം വാചാലനായപ്പോൾ പോലും ആരും ചിന്തിച്ചിട്ടുണ്ടായിരിക്കില്ല വരാൻ പോകുന്ന വെട്ടിമാറ്റലിന്റെ നാന്ദികൂടിയായിരിക്കും ഈ പ്രോഗ്രാം എന്നുള്ളത്.

കേരളം, കർണാടക. തമിഴ്നാട്, ആന്ധ്ര, തെലങ്കാന എന്നീ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ രക്തസാക്ഷികളെയാണ് നിഘണ്ടുവിന്റെ അഞ്ചാം വാല്യത്തിൽ, ICHR ചെയർമാനും നിഘണ്ടുവിന്റെ ജനറൽ എഡിറ്ററുമായ അരവിന്ദ് പി. ജാംഖേദ്കറുടെ നേതൃത്വത്തിൽ വെട്ടിമാറ്റിയിരിക്കുന്നത്. ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ മുസ്‌ലിംകളോടൊപ്പം ഹിന്ദുക്കളും അണിനിരന്ന മലബാർ കലാപവും സർ സി.പി.യുടെ ഏകാധിപത്യത്തിനെതിരെ നടന്ന പുന്നപ്ര വയലാർ സമരവുമാണ് കേരളത്തിലെ രക്തസാക്ഷികളായി അഞ്ചാംവാല്യത്തിൽ സ്ഥാനം പിടിച്ചിരുന്നത്. ഇതിൽനിന്ന് മലബാർ കലാപത്തോടനുബന്ധിച്ച് ബ്രിട്ടീഷുകാരുടെ തോക്കിനിരയായവരും 1921 നവംബർ 19ന് നടന്ന നടന്ന 'വാഗൺ കൂട്ടക്കൊല'യിൽ പ്രാണൻ നഷ്ടപ്പെട്ടവരുമടങ്ങിയ 387 പേരുകളാണ് ഇപ്പോൾ ലിസ്റ്റിൽനിന്ന് നീക്കം ചെയ്തിരിക്കുന്നത്.

ഭരണാധികാരികൾ രചിക്കുന്ന ചരിത്രത്തെ His Story എന്ന് വിളിച്ചത് ആരാണെന്നറിയില്ല. പക്ഷേ, യഥാർഥത്തിൽ സമകാലിക ഇന്ത്യയുടെ പശ്ചാത്തലത്തിലെങ്കിലും ആ ആരോപണം ശരിയെന്ന് തെളിയിക്കുന്നുണ്ട്. ഹിന്ദുത്വ ഫാഷിസ്റ്റുകൾ ഭരണം കയ്യാളിയതിനുശേഷം 'ഇന്ത്യൻ ചരിത്രത്തിൽ' നടക്കുന്നത് മറ്റൊന്നല്ല. നെഹ്റുമുതൽ വാരിയൻകുന്നൻവരെ പോസ്റ്ററിൽനിന്നും പേജുകളിൽനിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന കാലത്ത് ബ്രിട്ടീഷുകാരോട് മാപ്പിരന്ന് കയ്യും നാവും തളർന്നവർ ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ അർധകായ ചിത്രമായി പ്രദർശിപ്പിക്കപ്പെടുന്ന വിരോധാഭാസമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

### ചരിത്ര കയ്യേറ്റത്തിന്റെ ചരിത്രം

ഇന്ത്യയിലെ ചരിത്ര കയ്യേറ്റത്തിന്റെ സൈദ്ധാന്തിക അടിത്തറ പണിതത് സവർക്കർ തന്നെയാണ്. ഹിന്ദുത്വം എന്നത് വെറുമൊരു കൂട്ടായ്മയല്ലെന്നും അത് 'ഹിന്ദു'വിന്റെ ചരിത്രമാണെന്നും അതിനായി മറ്റു ചരിത്രങ്ങളെ നിഷ്കാസനം ചെയ്യേണ്ടതുണ്ടെന്നും പഠിപ്പിച്ച അതിതീവ്ര രാഷ്ട്രീയത്തിന്റെ ആദ്യ അണുക്കൾ നമുക്ക് സവർക്കറിലൂടെ കാണാൻ കഴിയും. ക്രിസ്ത്യാനികളും മുസ്‌ലിംകളും കമ്യൂണിസ്റ്റുകളുമടങ്ങിയ ഇന്ത്യാചരിത്രം നിഷേധത്തിന്റെതാണെന്നും പ്രത്യയശാസ്ത്ര വൈകാരികത നിലനിർത്തുന്ന ഹിന്ദുവിന്റെ ചരിത്രത്തിന് മാത്രമെ നിലനിൽക്കാൻ അർഹതയുള്ളൂ എന്നുമുള്ള സവർക്കറുടെ വാദങ്ങൾക്ക് ഗോൾവാൾക്കറുടെ ആശയവ്യാഖ്യാനംകൂടി വന്നതോടെ ചരിത്രത്തെ മാറ്റിയെഴുതാനുള്ള കൊണ്ടുപിടിച്ച ശ്രമങ്ങളുണ്ടായി.

ഹിന്ദുക്കളല്ലാത്തവരെല്ലാം വിദേശികളാണെന്നും വൈദേശികമതത്തിന്റെ പിണിയാളുകളെല്ലാം ശത്രുക്കളാണെന്നും അവർ വസിക്കുന്നിടത്തോളം കാലം ഭാരതാംബയുടെ കണ്ണിലെ കരട് നീക്കം ചെയ്യാൻ കഴിയില്ലെന്നും ഉദ്ഘോഷിച്ചുകൊണ്ട് പ്രതികാര പ്രത്യയശാസ്ത്രരചനക്ക് തുടക്കമിട്ട ഹിന്ദുത്വം മധ്യകാല ഇന്ത്യയിലെ മുസ്‌ലിം ഭരണാധികാരികൾക്കെതിരിലായിരുന്നു പിന്നീട് പ്രചാരണമഴിച്ചുവിട്ടത്. മധ്യകാല ഭരണാധികാരികളെല്ലാം ക്രൂരന്മായിരുന്നെന്നും തീവ്ര ഇസ്‌ലാമിക ചിന്തകളായിരുന്നു അവരെ ഭരിച്ചിരുന്നതെന്നും സ്വദേശികളായ ഹിന്ദുക്കൾക്കെതിരെ അക്രമമഴിച്ചുവിട്ടവരായിരുന്നു അവരെന്നും ചിത്രീകരിക്കുന്ന രചനകളും തിരുത്തലുകളും ഇക്കാലത്ത് വ്യാപകമായി പുറത്തുവന്നു.

1970കളിലാണ് ഭരണസംവിധാനങ്ങൾ ഉപയോഗിച്ച് കാവിചരിത്രം പുനർരചിക്കാൻ സംഘ്പരി

വാർ മുന്നിട്ടിറങ്ങുന്നത്. 'ജനകീയ പ്രക്ഷോഭ'ങ്ങളിലൂടെയാണ് ഭരണത്തിന്റെ ഓരംപറ്റി അവർ കളത്തിലിറങ്ങിയത്. ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ സമർഥമായി അധികാരത്തിൽ കയറിപ്പറ്റിയ ഹിന്ദുത്വം ഇന്ത്യാ ചരിത്രത്തെ വികലമാക്കാൻ ഔദ്യോഗിക സംവിധാനങ്ങൾ ഉപയോഗിച്ചുതുടങ്ങി. 1977ൽ തന്നെ NCERTയുടെ ചരിത്ര പുസ്തകങ്ങൾ പിൻവലിക്കാനും പുതിയത് തിരുകിക്കയറ്റാനുമുള്ള ശ്രമങ്ങൾ നടത്തിയതായി മനസ്സിലാക്കാം. പ്രാചീന ഇന്ത്യാചരിത്രത്തെ കാൽപനീകരിച്ചും മധ്യകാല മുസ്‌ലിം ചരിത്രത്തെ അപരവത്കരിച്ചും ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് ആശയപ്രചാരണം നടത്താൻ 1978ൽതന്നെ അവർ കരുക്കൾ നീക്കിയിരുന്നു. ആർ.എസ്.എസ് രൂപീകരിച്ച ഭാരതീയ ഇതിഹാസ് സങ്കലൻ യോജനയും സമാനമായ മറ്റു സംഘടനാ സംരംഭങ്ങളും ശാഖകളിലൂടെ ഇതിന്റെ പ്രചാരണമേറ്റെടുത്തു മുന്നോട്ടുപോയി.

2000ത്തോടെ രാജസ്ഥാൻ, യു.പി, മധ്യപ്രദേശ്, ഡൽഹി സംസ്ഥാനങ്ങൾ മിത്തുകളും പുരാണങ്ങളും ചരിത്രവുമായി സംയോജിപ്പിച്ച് തെറ്റുധാരണാപരമായ ചരിത്രാഖ്യാനങ്ങൾ സ്കൂൾ പാഠപദ്ധതികളിൽ ഉൾപ്പെടുത്തിത്തുടങ്ങി. ഇക്കാലയളവിൽതന്നെ ബി.ആർ ഗ്രോവർ എന്ന ഹിന്ദുത്വ ചരിത്രകാരനിലൂടെ ചരിത്ര അട്ടിമറിക്കുള്ള ശ്രമം ICHRൽ സംഘ്പരിവാർ നടത്തിയിരുന്നു. ആർ.എസ്.എസ്സിന്റെയും ഹിന്ദു മഹാസഭയുടെയും സാമ്രാജ്യത്വദാസ്യം പുറത്തുകൊണ്ടുവന്ന Towards Freedom Projecന്റെ ഫണ്ട് നിർത്തലാക്കിയും അനാവശ്യ ഇടപെടലുകൾ നടത്തിയും അതിനെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾക്ക് കരുത്ത് പകർന്നത് ഇക്കാലത്താണ്.

ചരിത്രരംഗത്ത് യാതൊരു സംഭാവനയും നൽകാത്ത ഹിന്ദുത്വ വേദിയായ ഭാരതീയ ഇതിഹാസ് സങ്കലൻ യോജനയുടെ ആന്ധ്ര ഘടകത്തിന്റെ മേധാവിയായ യെല്ലപ്രഗത സുദർശൻ റാവു എന്ന പ്രചാരകനെ 2014ൽ ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ചി(ICHR)ന്റെ ചെയർമാനാക്കി ഇന്ത്യയുടെ ചരിത്രത്തെ കോട്ടിമാറ്റാനുള്ള ശ്രമങ്ങൾക്ക് മോഡി സർക്കാർ തുടക്കമിട്ടു. ഹിന്ദു പുരാണങ്ങളുടെയും ഇതിഹാസങ്ങളുടെയും ചരിത്രപരത തെളിയിക്കലായിരുന്നു സുദർശൻ റാവുവിന്റെ ആദ്യ ഉദ്യമം. ഇന്ത്യൻ ജാതിവ്യവസ്ഥ യുക്തിഭദ്രമാണെന്നും അതിന് മാനവികമായ അടിത്തറയുണ്ടെന്നും തെളിയിക്കാനായിരുന്നു റാവുവിന്റെ അടുത്ത ശ്രമം. ഭരണകാലയളവിൽ പ്രത്യക്ഷമായ പല ഹിന്ദുത്വ അജണ്ടകളും അദ്ദേഹം നടപ്പാക്കി. തന്റെ ഇംഗിതത്തിന് വഴങ്ങാത്ത ജീവനക്കാരെ പിരിച്ചുവിടാനും നട്ടെല്ലുള്ളവരെ പുകച്ചുപുറത്തുചാടിക്കാനും അദ്ദേഹം ഇക്കാലയളവിൽ സമയം കണ്ടെത്തി.

കാവിവത്കരിച്ച ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ചിലൂടെ ഊട്ടപ്പെട്ട ഹിന്ദുത്വ ചരിത്രകാരന്മാരും രാഷ്ട്രീയക്കാരും ഉൽപാദിപ്പിച്ചുകൊണ്ടിരിക്കുന്ന ആഖ്യാനങ്ങളാണ് വടക്കേ ഇന്ത്യയിലെ ചരിത്രബോധം എന്നത് അവരുടെ പ്രതികരണങ്ങളിൽനിന്ന് വ്യക്തമാണ്. ഈ വികല ചരിത്രത്തെ സ്റ്റേജിലും പേജിലും ചാനലിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മാത്രമല്ല തെരുവുകളിലും വീടുകളിലും നിലനിർത്തുകയെന്നത് ധാർമികബാധ്യതയായിട്ടാണ് ആർ.എസ്.എസ്സിന്റെ കീഴിലുള്ള 'ശിക്ഷാ സൻസ്കൃതി ഉത്ഥാൻ ന്യാസും' 'രാഷ്ട്രീയ സേവിക സമിതി' പോലുള്ള സ്ത്രീ സന്നദ്ധ സംഘടനകളും കണക്കാക്കിയിരിക്കുന്നത്. ഹിന്ദു സ്ത്രീയെ മുസ്‌ലിം പുരുഷന്റെ അക്രമോത്സുകതയിൽനിന്ന് രക്ഷിക്കുന്ന ശിവാജിയെ മഹാരാഷ്ട്രയിലും, ഹിന്ദു സ്ത്രീകളെ ഇരകളാക്കുന്ന അക്ബർ രാജാവിനെ ഗുജറാത്തിലും, ഹാരെമുകൾ നിർമിച്ച് ലൈംഗിക കേളികൾക്ക് കമനീയ മുറികൾ ഒരുക്കി കാത്തിരിക്കുന്ന നൈസാമിനെ ഹൈദരാബാദിലും പ്രതിഷ്ഠിച്ച് മുസ്‌ലിം അപരവൽക്കരണം സാധ്യമാക്കാനും ഒരുവേള കലാപത്തിന് സാധ്യത കണ്ടെത്താനും ഹിന്ദുത്വ പ്രഭൃതികൾ ഗൂഢമായി ശ്രമിച്ചുകൊണ്ടിരുന്നു.



ഇന്ത്യാചരിത്രത്തിലെ ഏറ്റുമുട്ടലുകളെല്ലാം തന്നെ ഹിന്ദു-മുസ്‌ലിം ദ്വന്ദ്വത്തിലേക്ക് മാറ്റിയെഴുതി എന്നത് ഇതിന്റെ ഭാഗം തന്നെയാണ്. ബാബറും ഇബ്‌റാഹീം ലോധിയും ഔറംഗസീബും ഭീകരരും ഹിന്ദു രജപുത്രരും ശിവജിയും ഹിന്ദു നാട്ടുരാജാക്കന്മാരും വീരരുമായി മാറുന്ന വൈകാരിക പാഠപുസ്തകാഖ്യാനങ്ങൾ പിറവിയെടുക്കുന്നത് ഇങ്ങനെയാണ്.


## പോരാട്ടം മലബാർ സമരത്തിന് നേരെയും

മലബാർ സമരത്തെയും സമരനായകൻ വാരിയൻ കുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയെയും പ്രതിസ്ഥാനത്ത് നിറുത്തി ചരിത്രം രചിക്കാനും അതിൽ വർഗീയത കണ്ടെത്താനുമുള്ള ശ്രമങ്ങൾക്ക് സമരകാലത്തോളംതന്നെ പഴക്കമുണ്ട്. പോരാട്ടവേളയിൽതന്നെ അതിനെ വർഗീയകലാപമായി ചിത്രീകരിക്കാനും ഹിന്ദു-മുസ്‌ലിം വിഭജനം നടത്താനും ഭിന്നിപ്പിന്റെ വൈതാളികന്മാരായ ബ്രിട്ടീഷ് ഉദ്യോഗസ്ഥർ ശ്രമിച്ചിരുന്നു. സർക്കാർ രേഖകളിലും അക്കാലത്തെ ആനുകാലികങ്ങളിലും ഇത്തരം പദപ്രയോഗങ്ങൾ വരാൻ അവർ ബോധപൂർവം ശ്രമിച്ചിരുന്നതായി അവരുടെ പ്രതികരണങ്ങളിൽനിന്ന് ബോധ്യമാവും. ഇതിൽ തെറ്റുധരിച്ചാണ് അംബേദ്കറെപോലുള്ള ദേശീയ നേതാക്കളും ബ്രിട്ടീഷുകാരിൽനിന്ന് വാർത്തകൾ ശേഖരിച്ച മാധ്യമങ്ങളും ആദ്യകാലങ്ങളിൽ സമരത്തിൽ സംശയം പ്രകടിപ്പിച്ചത്.

മലബാർ സമരത്തെ വർഗീയ കലാപമായി ചിത്രീകരിക്കുക എന്നത് കോളോണിയൽ ഭരണകൂടത്തിന്റെയും അതിന്റെ നിഴൽപറ്റി തങ്ങളുടെ വരേണ്യതാൽപര്യങ്ങൾ സംരക്ഷിക്കാൻ ശ്രമിച്ച ജന്മികളുടെയും ആവശ്യമായിരുന്നു. സമരത്തെ കായികമായി നേരിടാൻ മുന്നിൽനിന്ന ഹിച്ച്കോക്ക് പോലുള്ളവരുടെ രേഖകളാണ് ഇന്നത്തെ സംഘ്പരിവാറിന്റെ ഈ വിഷയത്തിലുള്ള ജീവവായു. എന്നാൽ തന്റെ ഇംഗിതത്തിനനുസരിച്ച് ചരിത്രം രചിച്ച സാക്ഷാൽ ഹിച്ച്കോക്ക് പോലും ഗ്രന്ഥരചന നടത്തിയപ്പോൾ അതിന് നൽകിയ പേര് "Peasant Revolt in Malabar: A History of the Malabar Rebellion, 1921' എന്നാണ്, 'കമ്യൂണൽ റിവോൾട്ട് ഇൻ മലബാർ' എന്നായിരുന്നില്ല. സായിപ്പിന്റെ തലയിൽപോലും ഇതിനെ വർഗീയമായി കാണാനുള്ള വൈമനസ്യം അറിയാതെ നിഴലിച്ചിരുന്നു എന്ന് സാരം.

അതേസമയം കൃത്യമായ വിശദീകരണങ്ങളിൽ തൃപ്തരായി പലരും തിരുത്തിയെങ്കിലും ആശാന്റെ 'ദുരവസ്ഥയെ' പോലുള്ള ചില കൃതികളിൽ തിരുത്തപ്പെടാത്ത സ്ഖലിതങ്ങൾ കടന്നുകൂടിയിട്ടുണ്ട്. കവിതയിൽ പൊറുക്കാനാവാത്ത തെറ്റുകൾ വന്നിട്ടുണ്ടെന്നും തിരുത്തിയെഴുതണമെന്നും ആവശ്യപ്പെട്ട് കേരളകൗമുദി അക്കാലത്ത് തന്നെ മുഖപ്രസംഗമെഴുതുകയും സഹോദരൻ അയ്യപ്പനും സി.വി കുഞ്ഞുരാമനും ആശാനെ നേരിൽ കാണുകയും ചെയ്യുന്നുണ്ടെങ്കിലും ദുരുപദിഷ്ടിത വിമർശകർക്ക് എക്കാലവും ഉപയോഗിക്കാവുന്ന തരത്തിൽ പ്രസ്തുത വാചകങ്ങൾ 'കാവ്യ അനീതിയായി' വരികൾക്കിടയിൽ ഇന്നും നീണ്ടുനിവർന്ന് കിടക്കുന്നുണ്ട്. എന്നാൽ ആശാൻ എന്നും അഭിസംബോധന ചെയ്യാനും വിമർശിക്കാനും ശ്രമിച്ച ബ്രാഹ്മണ്യത്തിന്റെ ആചാരാന്ധവിശ്വാസങ്ങളെ കുറിച്ചുള്ള വരികൾ 'ദുരവസ്ഥ'യിൽ നിന്ന് മാത്രമല്ല അതിന്റെ 'സഹോദരകൃതി'യായി പരിചയപ്പെടുത്തിയ 'ചണ്ഡാലഭിക്ഷുകി'യിൽനിന്നുപോലും കണ്ടെടുക്കാൻ പിൽക്കാല നിരൂപകർക്ക് സാധിച്ചിട്ടില്ല എന്നതും ചിന്തിക്കേണ്ട വസ്തുതയാണ്.

മലബാർ സമരത്തിന്റെ ത്യാഗോജ്ജ്വല സ്മരണകളുടെ ശതാബ്ദി വർഷവും രാജ്യത്തിന്റെ എഴുപത്തഞ്ചാമത് സ്വാതന്ത്ര്യദിനാഘോഷവും ഒരുമിച്ച് വരുന്ന വേളയിൽ മലബാർ മാപ്പിളമാരുടെ നേതൃത്വത്തിൽ നടന്ന തുല്യതയില്ലാത്ത സ്വാതന്ത്ര്യസമര പോരാട്ടം രാജ്യം അയവിറക്കുമെന്ന ചിന്തയാ



ണ് തികച്ചും പ്രതിലോമകരമായ പ്രചാരണങ്ങൾ അഴിച്ചുവിടാൻ സംഘ്പരിവാർ നേതൃത്വത്തെ പ്രേരിപ്പിച്ചത്. കുമ്മനം രാജശേഖരനിലൂടെ തുടക്കമിട്ട ഈ പ്രോപഗണ്ട പിന്നീട് സംഘി ബുദ്ധിജീവികളും മാധ്യമങ്ങളും ആവർത്തിച്ചു.

മാറിയ ചാനൽ സംസ്കാരത്തിനും അന്തിച്ചർച്ചക്കും അൽപം ചൂടും ചൂരും പകർന്നുകൊടുക്കാൻ കഴിയില്ലെങ്കിൽ അത് റേറ്റിംഗിനെ സാരമായി ബാധിക്കുമെന്ന തിരിച്ചറിവുള്ളതിനാൽ -അസാരം വിഡ്ഢിത്തങ്ങളുടെ മേമ്പൊടിയുണ്ടെങ്കിലും- വർഗീയത പച്ചയ്ക്ക് വിളിച്ചുപറയാൻ തയ്യാറാവുന്ന സംഘ്പരിവാർ സ്പോക്സ്മാന്മാരെയും സഹയാത്രികരെയും മാധ്യമത്തമ്പുരാക്കന്മാർ ഫ്ളോറിലേക്ക് ക്ഷണിച്ചുവരുത്തിയതു മുതലാണ് ശാഖയിലെ നിശാക്ലാസിൽ മാത്രം പരസ്പരം പറഞ്ഞ് സായൂജ്യമടഞ്ഞിരുന്ന പല 'അപസർപ്പക വർഗീയകഥകൾക്കും' ചരിത്രത്തിന്റെ നിറം കൈവന്നത്.

മലബാർ സമരത്തിന്റെ നൂറാം വാർഷികമാഘോഷിക്കുന്ന വേളയിൽ പൃഥ്വിരാജിനെ നായകനാക്കി ആഷിഖ് അബു സംവിധാനം ചെയ്യുന്ന വാരിയൻ കുന്നൻ എന്ന സിനിമയുടെ ട്രീസർ പുറത്തുവന്നത് മുതൽ സംഘ്പരിവാർ സൈബർ വെട്ടുകിളികൾ അരയും തലയും മുറുക്കി രംഗത്തിറങ്ങി. പൃഥ്വിരാജിനെയും കുടുംബത്തെയും മാത്രമല്ല ഫിലിം ഇൻഡസ്ട്രിയെതന്നെ അവർ വിമർശനശരങ്ങൾക്ക് പാത്രമാക്കി. സിനിമക്ക് പകരം സിനിമ എന്ന തരത്തിലേക്ക് ചർച്ച കൊണ്ടുപോകാൻ ശ്രമിച്ചെങ്കിലും ഒ.ടി.ടി കാലത്തെ സിനിമാ റിലീസിംഗിലെ സങ്കീർണതകൾ മാത്രമല്ല, അതിലൂടെ ഉദരപൂരണം നടത്തുന്ന 'ധർമ മാമമാരെ' അനുയായികൾ തന്നെ തിരിച്ചറിയുകയും ചെയ്തത് കാര്യങ്ങൾ കൂടുതൽ വഷളാക്കി.

മുസ്‌ലിം വിഷയം ചർച്ചക്ക് വരുന്ന അനിവാര്യ സമയത്ത് നിദ്രയെ പുൽകാറുള്ള ചില സാംസ്കാരിക നായകരും ഇടതുപക്ഷ ബുദ്ധിജീവികളും കൂടി മലബാർ സമരത്തെ വന്ധ്യംകരിക്കുന്നതിനെതിരിൽ ഉണർന്നെണീറ്റതോടുകൂടി വോട്ട് രാഷ്ട്രീയം ലക്ഷ്യമിട്ടിറങ്ങിയ തീവ്ര രാഷ്ട്രീയക്കാർ ശരിക്കും പ്രതിരോധത്തിലായി.

ഈ സമയത്താണ് നരേന്ദ്രമോഡി പ്രകാശനം ചെയ്ത -നേരത്തെ സൂചിപ്പിച്ച- രക്തസാക്ഷി നിഘണ്ടു ചർച്ചയായത്. കേരളത്തിൽ ഹിന്ദുത്വർ വർഗീയവാദിയായി ചിത്രീകരിച്ച് ഘോരഘോരം വാക്ശരങ്ങളെയ്തുവിട്ട വാരിയൻ കുന്നൻ മുതലുള്ള നേതാക്കൾ, പ്രധാനമന്ത്രി പ്രകാശനം ചെയ്ത സ്വാതന്ത്ര്യസമര പോരാളികളുടെ പട്ടികയിൽ ഉൾപ്പെട്ടത് അവർക്ക് സഹിക്കാൻ കഴിയുന്നതിലുമപ്പുറമായിരുന്നു. സംഘ്പരിവാർ സ്ഥാപനത്തിന്റെ അമരക്കാരനും മലയാളിയുമായ ഡോ.സി.ഐ ഐസക് എന്ന ആശ്രിതവത്സനെ ഉപയോഗിച്ച് ചരിത്രം തിരുത്തി പട്ടിക പരിഷ്കരിക്കുന്നതിലേക്കുവരെ എത്തിച്ചേർന്ന സംഭവവികാസങ്ങൾക്ക് ഈ ജാള്യവുമായി അഭേദ്യമായ ബന്ധമുണ്ടെന്നാണ് പിന്നീട് നടന്ന സംഭവവികാസങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നത്.

> **സംഘ്പരിവാർ സംഘടനയായ ഭാരതീയ വിചാരകേന്ദ്രത്തിന്റെ വൈസ് പ്രസിഡണ്ട് സ്ഥാനം അലങ്കരിക്കുന്ന വ്യക്തിയാണ് ഡോ. സി.ഐ. ഐസക് എന്നതിനാൽതന്നെ അദ്ദേഹത്തിന്റെ ചരിത്രത്തോടുള്ള നിലപാടും മലബാർ സമരത്തോടുള്ള പുച്ഛവും ഊഹിക്കാവുന്നതേയുള്ളൂ. അദ്ദേഹത്തെ പോലെയുള്ള ഒരാളെ ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ച് എന്ന മഹത്തായ സംവിധാനത്തിന്റെ കീഴിൽ പുറത്തിറക്കുന്ന സ്വാതന്ത്ര്യസമര സേനാനികളെ കുറിച്ചുള്ള പുസ്തകത്തിന്റെ റിപ്പോർട്ട് തേടാനുള്ള റഫറൻസായി ഉപയോഗിക്കുന്നത് എന്തുമാത്രം അവഹേളനമാണ്!**

### സി.ഐ ഐസക് എന്ന സംഘ്പരിവാർ ഏജന്റ്

വാരിയൻ കുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയും ആലി മുസ്ല്യാരും വാഗൺ കൂട്ടക്കൊലയിലെ രക്തസാക്ഷികളുമടക്കം 387 മലബാർ സമര നേതാക്കളെ സ്വാതന്ത്ര്യസമര രക്തസാക്ഷി പട്ടികയിൽനിന്ന് നീക്കം ചെയ്യാൻ മുൻകയ്യെടുത്തത് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് കീഴിലുള്ള ഇന്ത്യൻ കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് നിയോഗിച്ച ഡോ. സി.ഐ ഐസക് ആണ്. 1921ലെ സമരത്തെ കുറിച്ച് റിപ്പോർട്ട് സമർപ്പിച്ച മൂന്നംഗ സമിതിയിലെ പ്രധാനിയാണിദ്ദേഹം. എന്നാൽ സംഘ്പരിവാരിന്റെ ബൗദ്ധിക കേന്ദ്രമായ ഭാരതീയ വിചാരകേന്ദ്രം വൈസ് പ്രസിഡണ്ടാണ് ഇദ്ദേഹമെന്നും നിരവധി സംഘ്പരിവാർ അനുകൂല

നീക്കങ്ങൾ ഐസക്കിൽനിന്നുമുണ്ടായിട്ടുണ്ടെന്നും അതിനാൽതന്നെ രക്തസാക്ഷി പട്ടികയെ കുറിച്ചുള്ള അദ്ദേഹത്തിന്റെ റിപ്പോർട്ട് പക്ഷപാതപരമാണെന്നും ആക്ഷേപമുയർന്നപ്പോൾ ഇക്കാര്യങ്ങളെല്ലാം നിഷേധിച്ച് രംഗത്തുവരികയാണ് ഡോ. ഐസക് ചെയ്തത്.

താൻ മാത്രമല്ല, ഖൊരഗ്പുർ യൂണിവേഴ്സിറ്റി പ്രൊഫസർ ഹിമാൻഷു ചതുർവേദിയും ICHR ഒഫീഷ്യൽ ഡയരക്ടർ ഡോ. ഓം ജി ഉപാധ്യായയുമെല്ലാമടങ്ങിയ ടീമാണ് ഈ ശ്രമത്തിന് പിന്നിൽ എന്നാണ് അദ്ദേഹം അവകാശപ്പെടുന്നത്.

എന്നാൽ വസ്തുത നേരെമറിച്ചാണ്. 1857ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ 150ാം വാർഷികമാഘോഷിച്ച 2007ൽ അന്നത്തെ പ്രധാനമന്ത്രി മൻമോഹൻ സിംഗ് അംഗീകാരം നൽകിയ പ്രൊജെക്ടാണ് മേൽപറഞ്ഞ രക്തസാക്ഷി പട്ടികയടങ്ങിയ ചരിത്രപുസ്തകം.

2016ൽ പൂർത്തിയായ ഈ പട്ടികയിൽ കേരളത്തിലെ സ്വാതന്ത്ര്യ സമര സേനാനികളെ വിവരിക്കുന്ന അഞ്ചാം വാല്യത്തിൽ തിരുത്തൽ നടത്താനായി, ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ചിന്റെ ചെയർമാനും ഹിന്ദുത്വവേദിയായ ഭാരതീയ ഇതിഹാസ് സങ്കലൻ യോജനയുടെ ആന്ധ്ര ഘടകത്തിന്റെ മേധാവിയുമായിരുന്ന യെല്ലപ്രഗത സുദർശൻ റാവുവിനെ സ്വാധീനിച്ച് ഉപജാപങ്ങൾക്ക് നേതൃത്വം നൽകിയ ആളാണ് ഡോ. ഐസക്.

എന്നാൽ അന്നത് വിജയിക്കാതെ വരികയും, 2019ൽ നരേന്ദ്ര മോഡിതന്നെ വാരിയൻ കുന്നനും ആലി മുസ്ല്യാരുമടക്കം ഇപ്പോൾ നീക്കം ചെയ്ത 387 രക്തസാക്ഷികളുടെയും പേരുകളടങ്ങിയ നിഘണ്ടു പ്രസിദ്ധീകരിക്കുകയും ചെയ്തത് ഇവർക്ക് ഒരുപോലെ തിരിച്ചടിയാവുകയാണുണ്ടായത്. ഈ സംഭവത്തെകുറിച്ച് '1921നെ മഹത്ത്വവത്കരിക്കാൻ വേണ്ടി ചിലർ നടത്തിയ ആസൂത്രിത അജണ്ടയിൽ പ്രധാനമന്ത്രിയെ കരുവാക്കുകയായിരുന്നു' എന്നാണ് ഇന്ത്യാ ടുഡേക്ക് നൽകിയ അഭിമുഖത്തിൽ ഡോ. ഐസക് പറയുന്നത്.

സംഘ്പരിവാർ സംഘടനയായ ഭാരതീയ വിചാരകേന്ദ്രത്തിന്റെ വൈസ് പ്രസിഡണ്ട് സ്ഥാനം അലങ്കരിക്കുന്ന വ്യക്തിയാണ് ഡോ. സി.ഐ. ഐസക് എന്നതിനാൽതന്നെ അദ്ദേഹത്തിന്റെ ചരിത്രത്തോടുള്ള നിലപാടും മലബാർ സമരത്തോടുള്ള പുച്ഛവും ഊഹിക്കാവുന്നതേയുള്ളൂ. അദ്ദേഹത്തെ പോലെയുള്ള ഒരാളെ ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ച് എന്ന മഹത്തായ സംവിധാനത്തിന്റെ റിപ്പോർട്ട് തേടാനുള്ള റഫറൻസായി ഉപയോഗിക്കുന്നത് എന്തുമാത്രം അവഹേളനമാണ്!

മാപ്പിള സമരം സ്വാതന്ത്ര്യസമര പോരാട്ടങ്ങളുടെ ഭാഗമല്ലെന്നും അതിൽ പങ്കെടുത്തവർ രക്തസാക്ഷികളല്ലെന്നും ദേശീയതയ്ക്ക് വേണ്ടി ഒന്നും ചെയ്യാതെ മാപ്പിളസ്ഥാൻ ഉണ്ടാക്കാനുള്ള ഒരുകൂട്ടം മുസ്ലിംകളുടെ ശ്രമമമായിരുന്നു മലബാർ സമരമെന്നും മതപരിവർത്തനം, ക്ഷേത്രാക്രമണം തുടങ്ങിയവയാണ് അന്ന് നടന്നതെന്നും കേരളത്തിലെ മുന്നണി രാഷ്ട്രീയ താൽപര്യത്തിനായി മുസ്ലിം ലീഗിനെ കൂടെ നിർത്താൻ 1981 ഡിസംബർ 5ന് ഇന്ദിരാഗാന്ധി സർക്കാറാണ് മാപ്പിള സമരത്തെ സ്വാതന്ത്ര്യസമര വിധാനത്തിലേക്ക് ഉയർത്തിയതെന്നുമുള്ള നട്ടാൽ മുളക്കാത്ത കള്ളങ്ങൾ പൊതുസമൂഹത്തിൽ മുമ്പേ പ്രചരിപ്പിച്ച സംഘ്പരിവാർ ദാസനാണ് ഡോ. സി.ഐ ഐസക്.

മാത്രമല്ല, മലബാർ സമരത്തെ മാപ്പിളമാർ നേതൃത്വം കൊടുത്ത വർഗീയ കലാപമായി ചിത്രീകരിക്കുന്ന രക്തസാക്ഷി അനുസ്മരണ വർഷാചരണത്തിന്റെ ജനറൽ കൺവീനർ കൂടിയാണ് ഡോ. ഐസക് എന്ന കാര്യം ബന്ധപ്പെട്ടവർ സൗകര്യപൂർവം മറച്ചുവെക്കുകയാണ്.

ആഗസ്ത് 19ന് ജന്മഭൂമി ദിനപത്രത്തിൽ വന്ന ഒരു വാർത്ത നോക്കുക:



"മാപ്പിളകലാപം: രക്തസാക്ഷി അനുസ്മരണ വർഷാചരണം രാം മാധവ് ഉദ്ഘാടനം ചെയ്യും

കോഴിക്കോട്: കേരള ചരിത്രത്തിലെ കറുത്ത അധ്യായമായ മാപ്പിളകലാപത്തിന് ഒരു നൂറ്റാണ്ട് തികയുന്നു. കലാപത്തിൽ രക്തസാക്ഷികളായവരെ അനുസ്മരിച്ചുകൊണ്ട് 1921 മാപ്പിള കലാപരക്തസാക്ഷി അനുസ്മരണസമിതി സംഘടിപ്പിക്കുന്ന വർഷാചരണത്തിന് നാളെ തുടക്കം. ആർ.എസ്.എസ് അഖിലഭാരതീയ കാര്യകാരി അംഗം രാംമാധവ് ദേശീയതല ഉദ്ഘാടനം നിർവഹിക്കും. നാളെ രാവിലെ 10ന് കോഴിക്കോട് കേസരി ഹാളിൽ നടക്കുന്ന ചടങ്ങിൽ മുൻ അഡീഷണൽ ചീഫ് സെക്രട്ടറിയും സമിതി അധ്യക്ഷനുമായ ഡോ.സി.വി. ആനന്ദബോസ് അധ്യക്ഷത വഹിക്കും. ഇന്ത്യൻ ചരിത്രഗവേഷണ കൗൺസിൽ അംഗവും സമിതി ജനറൽ കൺവീനറുമായ ഡോ. സി.ഐ ഐസക് സംസാരിക്കും.

കുരുക്ഷേത്ര ബുക്സ് പ്രസിദ്ധീകരിക്കുന്ന പി.വി.കെ. നെടുങ്ങാടി എഴുതിയ 'മാപ്പിള ലഹളയോ സ്വാതന്ത്ര്യ സമരമോ?,' രാമചന്ദ്രൻ എഴുതിയ 'വാരിയൻകുന്നന്റെ കശാപ്പുശാല,' പി.മാധവ്ജിയുടെ ആമുഖത്തോടെ ദുരവസ്ഥ പുനഃപ്രസിദ്ധീകരണം, കാവാലം ജയകൃഷ്ണന്റെ 'കുമാരനാശാന്റെ ദുരവസ്ഥ പഠനം,' വെള്ളിനേഴി ആര്യസമാജം പ്രസിദ്ധീകരിക്കുന്ന '1921 മലബാറും ആര്യസമാജവും' എന്നീ പുസ്തകങ്ങളും ചടങ്ങിൽ പ്രകാശനം ചെയ്യും.

വർഷാചരണത്തിന്റെ ഭാഗമായി 14 ജില്ലാതല സെമിനാറുകൾ നടക്കും. വർഷാചരണത്തിന്റെ സമാപനത്തിൽ തിരുവനന്തപുരത്ത് അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിക്കുമെന്ന് ജനറൽ കൺവീനർ ഡോ.സി.എ ഐസക് അറിയിച്ചു. നവമാധ്യമങ്ങളിലൂടെയുള്ള പ്രചാരണം, ഡോക്യുമെന്ററി, ചരിത്ര പ്രദർശനം, ചരിത്രകാരസംഗമം, കലാലയവിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള വിവിധ മത്സരങ്ങൾ, പുസ്തക പ്രസാധനം എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. ന്യൂദൽഹി അടക്കമുള്ള പ്രധാന നഗരങ്ങളിലും ഇതോടനുബന്ധിച്ച് പരിപാടികൾ നടക്കുമെന്ന് അദ്ദേഹം അറിയിച്ചു."

'നിഷ്പക്ഷനായ' ഈ ചരിത്രകാരനാണ് രക്തസാക്ഷിത്വം വരിച്ച ധീരദേശാഭിമാനികളെ അടയാളപ്പെടുത്തിയ Dictionary of Matryrs of India's Freedom Struggle എന്ന രക്തസാക്ഷി നിഘണ്ടുവിലെ പട്ടിക പരിഷ്കരിക്കാനായി മുൻകയ്യെടുത്തതെന്ന വസ്തുത ഒരേസമയം നിരാശക്കും തമാശക്കും വക നൽകുന്നതാണ്.

'മാപ്പിളലഹളയുടെ ചരിത്ര, സാമൂഹ്യ പ്രത്യാഘാതങ്ങൾ വിവിധ വീക്ഷണകോണുകളിൽ വിലയിരുത്തുന്ന സമഗ്ര ലേഖനസമാഹാരമായ' 'മാപ്പിളലഹളയുടെ ബാക്കിപത്രങ്ങൾ' എന്ന, ഈ മാസം

**2016ൽ പൂർത്തിയായ ICHRന്റെ പട്ടികയിൽ കേരളത്തിലെ സ്വാതന്ത്ര്യ സമരസേനാനികളെ വിവരിക്കുന്ന അഞ്ചാം വാല്യത്തിൽ തിരുത്തൽ നടത്താനായി, ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ചിന്റെ ചെയർമാനും ഹിന്ദുത്വ വേദിയായ ഭാരതീയ ഇതിഹാസ് സങ്കലൻ യോജനയുടെ ആന്ധ്ര ഘടകത്തിന്റെ മേധാവിയുമായിരുന്ന യെല്ലപ്രഗത സുദർശൻ റാവുവിനെ സ്വാധീനിച്ച് ഉപജാപങ്ങൾക്ക് നേതൃത്വം നൽകിയ ആളാണ് ഡോ. ഐസക്. മാത്രമല്ല, മലബാർ സമരത്തെ മാപ്പിളമാർ നേതൃത്വം കൊടുത്ത വർഗീയ കലാപമായി ചിത്രീകരിക്കുന്ന രക്തസാക്ഷി അനുസ്മരണ വർഷാചരണത്തിന്റെ ജനറൽ കൺവീനർ കൂടിയാണ് അദ്ദേഹം.**

25ാം തീയതി പുറത്തിറങ്ങുന്ന പുസ്തകത്തെ കുറിച്ചുള്ള വൃത്താന്തംകൂടി അറിയിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം. വേദ ബുക്സ് പുറത്തിറക്കാൻ പോകുന്ന പ്രസ്തുത ഗ്രന്ഥത്തിന്റെ എഡിറ്റർ നാം നേരത്തെ പരാമർശിച്ച 'നിഷ്പക്ഷൻ' തന്നെ; ഡോ. സി.ഐ ഐസക്.

എങ്ങനെയൊക്കെ വികൃതമാക്കിയും വികലമാക്കിയും നശിപ്പിക്കാൻ ശ്രമിച്ചാലും ഒരു കാര്യം ഓർക്കുന്നത് നന്ന്. ചരിത്രത്തെ മറച്ചുപിടിക്കാനേ കഴിയൂ, ഇല്ലാതാക്കാൻ കഴിയില്ല. തമസ്സിന്റെ കരിമ്പടം കൊണ്ട് എത്ര തമസ്കരിക്കാൻ ശ്രമിച്ചാലും അത് ധവളപ്രകാശം ചൊരിഞ്ഞ് നേരറിവാഗ്രഹിക്കുന്നവർക്ക് വെളിച്ചമേകുക തന്നെ ചെയ്യും.

മലബാർ സമരത്തിലേക്ക് നയിച്ച സാഹചര്യവും അന്നത്തെ സാമൂഹിക സാഹചര്യങ്ങളും അതിന്റെ ഉള്ളടക്കവും വിമർശകർ അതിനെ നോക്കിക്കണ്ട വീക്ഷണകോണുകളും അവയോടുള്ള പ്രതികരണവുമെല്ലാം തുടർലക്കങ്ങളിൽ ചർച്ച ചെയ്യാം.

**(അവസാനിച്ചില്ല)**

ഡോ. ടി. കെ യൂസുഫ്
mail@nerpatham.com





# രോഗ പ്രതിരോധം: ഇസ്‌ലാമിക മാർഗനിർദേശങ്ങൾ

2

## ക്വാറന്റൈൻ നിർദേശങ്ങൾ

രോഗപ്രതിരോധ രംഗത്ത് വളരെ പ്രാധാന്യമർഹിക്കുന്ന രണ്ട് കാര്യങ്ങളാണ് സമ്പർക്ക വിലക്കും സാമൂഹിക അകലം പാലിക്കലും. നബിﷺ പറഞ്ഞു: "രോഗമുള്ളവയെ രോഗമില്ലാത്തവയുടെ കൂടെ മേയാൻ വിടരുത്" (ബുഖാരി, മുസ്‌ലിം).

മറ്റൊരു ഹദീഥിൽ ഇപ്രകാരം കാണാം: "ഒരു നാട്ടിൽ പ്ലേഗ് ഉണ്ടെന്നു കേട്ടാൽ നിങ്ങൾ അവിടെ പ്രവേശിക്കരുത്. നിങ്ങൾ ഉള്ള ഒരു നാട്ടിലാണ് അത് സംഭവിക്കുന്നതെങ്കിൽ നിങ്ങൾ അവിടെനിന്ന് ഓടി രക്ഷപ്പെടുകയും ചെയ്യരുത്" (ബുഖാരി, മുസ്‌ലിം).

ഈ നിർദേശങ്ങൾ പാലിക്കാൻ പ്രോത്സാഹിപ്പിക്കുന്ന മറ്റൊരു തിരുവചനം ഇപ്രകാരമാണ്: "പ്ലേഗിൽ നിന്ന് ഭയന്നോടുന്നവർ യുദ്ധത്തിൽനിന്നും പിന്തിരിഞ്ഞോടു

ന്നവനെ പോലെയാണ്. ആരെങ്കിലും അതിൽ ക്ഷമിച്ചാൽ അവന് രക്തസാക്ഷിയുടെ പ്രതിഫലമുണ്ട്" (അഹ്മദ്).

പകർച്ചവ്യാധി ബാധിച്ച് മരിച്ചുവീഴുന്നവരെ കാണുമ്പോൾ അവിടെനിന്ന് രക്ഷപ്പെടരുത് എന്ന നിർദേശം പലർക്കും വിചിത്രമായി തോന്നിയേക്കാം. ലോകത്ത് മുസ്‌ലിംകൾ മാത്രമാണ് പ്രവാചക കൽപന മാനിച്ച് മാഹാമാരികളിൽനിന്ന് ഓടി രക്ഷപ്പെടാതിരിക്കുന്നത്. രോഗലക്ഷണം പ്രകടപ്പിക്കാത്തവർ പോലും രോഗവാഹകരായി മാറുന്നുണ്ടെന്നും ഇക്കൂട്ടരാണ് യഥാർഥത്തിൽ കൂടുതൽ അപകടകാരികളായിത്തീരുന്നതെന്നും ഇന്ന് എല്ലാവരും മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് സമ്പർക്ക വിലക്കിന് ആഗോളതലത്തിൽതന്നെ മുന്തിയ പരിഗണന നൽകപ്പെടുന്നത്.

### വിരോധിക്കപ്പെട്ട ഭക്ഷണങ്ങൾ

മാംസാഹാരം ഇസ്‌ലാം അനുവദിക്കുന്നുണ്ടെങ്കിലും ചില മാംസങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. പന്നി, ചത്തമൃഗങ്ങൾ, മാംസഭുക്കുകളായ വന്യജീവികൾ എന്നിവയുടെ മാംസം വിരോധിക്കപ്പെട്ടതാണ്. മനുഷ്യന് മാരകമായ രോഗങ്ങൾ പരത്തുന്ന പല കീടാണുക്കളുടെയും ആവാസ കേന്ദ്രമായി ഗണിക്കപ്പെടുന്നത് ഇത്തരം മാംസങ്ങളാണ്. ചത്ത ജീവികളെ ജാഹിലിയ്യ കാലത്ത് ആളുകൾ ഭക്ഷിച്ചിരുന്നു. രോഗാണുബാധകൊണ്ട് മൃഗങ്ങൾ ചാകുമെന്നും അവയുടെ ശരീരത്തിൽ ആകമാനം രോഗാണുക്കൾ നിറഞ്ഞിരിക്കുമെന്നും അക്കാലത്തുള്ളവർക്ക് അറിയുമായിരുന്നില്ല. എന്നാൽ വർത്തമാനകാലത്ത് രോഗാണുക്കളെക്കുറിച്ച് അവബോധം ഉള്ളതുകൊണ്ട് അധികപേരും ചത്തമൃഗങ്ങളെ ഭക്ഷിക്കാറില്ല. ജീവികളിലെ രക്തം രോഗാണുക്കളുടെ ആവാസകേന്ദ്രമായിട്ടാണ് ഗണിക്കപ്പെടുന്നത്. ശ്വേതരക്താണുക്കളുടെ സാന്നിധ്യമാണ് ഇവയുടെ ആക്രമണത്തെ ചെറുത്തുനിർത്തുന്നത്. എന്നാൽ ജീവികളുടെ ജീവൻ നഷ്ടപ്പെടുന്നതോടുകൂടി ശ്വേതരക്താണുക്കളുടെ സാന്നിധ്യം നഷ്ടപ്പെടുകയും രോഗാണുക്കൾ ക്രമാതീതമായി പെറ്റുപെരുകുകയും ചെയ്യും. ഇസ്‌ലാം നിഷ്‌ക്കർശിച്ചപോലെ അറുത്ത് രക്തം വാർന്നുപോകാൻ അനുവദിക്കുകയാണെങ്കിൽ രക്തത്തിൽ നിറഞ്ഞുനിൽക്കുന്ന രോഗാണുക്കൾ മാംസത്തിലൂടെ മനുഷ്യരിലേക്ക് പ്രവഹിക്കുന്നത് തടയാൻ കഴിയും.

### പന്നിമാംസവും രോഗാണുക്കളും

പന്നിമാംസം ക്വുർആൻ വളരെ വ്യക്തമായി വിരോധിച്ചിട്ടുണ്ട്. (ക്വുർആൻ 6:145). ഏറ്റവും കൂടുതൽ രോഗാണു സാന്നിധ്യമുള്ള ഒരു ജീവിയാണ് പന്നി. ഏകദേശം അഞ്ഞൂറോളം പകർച്ചവ്യാധികൾ അതിനെ ബാധിക്കുന്നുണ്ട്. അതിൽ നൂറോളം

"ശ്വേതരക്താണുക്കളുടെ സാന്നിധ്യമാണ് ഇവയുടെ ആക്രമണത്തെ ചെറുത്തുനിർത്തുന്നത്. എന്നാൽ ജീവികളുടെ ജീവൻ നഷ്ടപ്പെടുന്നതോടുകൂടി ശ്വേതരക്താണുക്കളുടെ സാന്നിധ്യം നഷ്ടപ്പെടുകയും രോഗാണുക്കൾ ക്രമാതീതമായി പെറ്റുപെരുകുകയും ചെയ്യും. ഇസ്‌ലാം നിഷ്‌ക്കർശിച്ചപോലെ അറുത്ത് രക്തം വാർന്നുപോകാൻ അനുവദിക്കുകയാണെങ്കിൽ രക്തത്തിൽ നിറഞ്ഞുനിൽക്കുന്ന രോഗാണുക്കൾ മാംസത്തിലൂടെ മനുഷ്യരിലേക്ക് പ്രവഹിക്കുന്നത് തടയാൻ കഴിയും."

രോഗങ്ങൾ മനുഷ്യരിലേക്ക് പകരുന്നതാണ്. പന്നിമാംസം കഴിക്കുന്നതിലൂടെ മനുഷ്യരിലേക്ക് പകരുന്ന ഭക്ഷ്യഅലർജി, കരൾരോഗം, ദഹനക്കുറവ്, ആസ്തമ തുടങ്ങി പന്നിമാംസവും അതിന്റെ ഉത്പന്നവും കഴിക്കുന്നതിലൂടെ പകരുന്ന 13 രോഗങ്ങൾക്ക് പുറമെയാണിത്. പന്നി നേരിട്ടോ മറ്റു മൃഗങ്ങൾ മുഖേനയോ അനേകം രോഗങ്ങൾ മനുഷ്യന് സമ്മാനിക്കുന്നുണ്ട്. ക്വുർആൻ മാത്രമല്ല ബൈബിളും പന്നി മാംസം ഭക്ഷിക്കുന്നത് വിരോധിക്കുന്നതായി കാണാം.

"പന്നി ഇരട്ടക്കുളമ്പുള്ളതാണെങ്കിലും അയവിറക്കാത്തതാകയാൽ അശുദ്ധമാണ്. അതിന്റെ മാംസം ഭക്ഷിക്കുകയോ അതിന്റെ ശവം സ്പർശിക്കുകയോ അരുത്"(നിയമാവർത്തനം 14:8).

പന്നി കഴിഞ്ഞാൽ രോഗാണു കൈമാറ്റത്തിന് സാധ്യതയുള്ള മറ്റൊരു മൃഗം നായയാണ്. വേട്ടയാടുന്നതിനും കാവലിനും പോലുള്ളഅത്യാവശ്യ ഘട്ടങ്ങളിലല്ലാതെ ഇവയെ വാങ്ങുന്നതും വളർത്തുന്നതും ഇവയോട് സമ്പർക്കത്തിലേർപ്പെടുന്നതും ഇസ്‌ലാം വിരോധിച്ചിട്ടുണ്ട്.

മാംസഭുക്കുകളായ വന്യമൃഗങ്ങളെയും പക്ഷികളെയും ഭക്ഷിക്കുന്നത് ഇ

സ്‌ലാം വിരോധിച്ചിട്ടുണ്ട്. തേറ്റയുള്ള വന്യമൃഗങ്ങളെയും കൂർത്ത നഖമുള്ള പക്ഷികളെയും അല്ലാഹുവിന്റെ ദൂതർﷺ വിരോധിച്ചിട്ടുണ്ട് (അഹ്മദ്). നബിﷺ പറഞ്ഞു: "തേറ്റയുള്ള എല്ലാ വന്യമൃഗങ്ങളും; അത് ഭക്ഷിക്കുന്നത് നിഷിദ്ധമാണ്" (മുസ്‌ലിം).

ഇസ്‌ലാം നിരോധിച്ച ഇത്തരം ജീവികളിലൂടെ നേരിട്ടോ അല്ലെങ്കിൽ ഇവയുമായി ബന്ധപ്പെട്ട മറ്റു ജീവികൾ മുഖേനയോ മനുഷ്യശരീരത്തിലേക്ക് ധാരാളം പാരാസൈറ്റുകൾ കടന്നുവരുന്നുണ്ടെന്നത് ഒരു അനിഷേധ്യ വസ്തുയാണ്. ഇസ്‌ലാം ഭക്ഷിക്കുന്നത് വിരോധിച്ച പല ജീവികളും ചത്തമൃഗങ്ങളെ തിന്നുന്നതിലൂടെ രോഗാണുവാഹകരായിത്തീരുന്നവ കൂടിയാണ്.

## ലഹരി വസ്തുക്കളുടെ നിരോധനം

ഭക്ഷ്യവസ്തുക്കളിൽനിന്ന് ചിലത് നിഷിദ്ധമാക്കിയതുപോലെ ചില പാനീയങ്ങളും വിരോധിച്ചിട്ടുണ്ട്. മദ്യം തീർത്തും വിലക്കപ്പെട്ട ഒരു പാനീയമാണ്. അതിന്റെ ഉത്പാദനവും വിതരണവുമെല്ലാം വിരോധിക്കപ്പെട്ടത് തന്നെയാണ്. മദ്യവും ചൂതാട്ടവും പൈശാചികവും ദൈവസ്മരണയിൽനിന്നും നമസ്കാരത്തിൽനിന്നും പിന്തിരിപ്പിക്കുന്നതുമാണെന്നാണ് ക്വുർആൻ പറയുന്നത്. എന്നാൽ മദ്യം ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ അനവധിയാണ്. അതിൽ അല്ലറ ചില്ലറ ഗുണങ്ങളുണ്ടെങ്കിലും ദോഷങ്ങളാണ് കൂടുതലെന്നും ക്വുർആൻ തന്നെ വ്യക്തമാക്കുന്നുണ്ട്. ഒരു ഔഷധം എന്ന നിലയ്ക്ക് അത് സേവിക്കാനാവുമോ എന്ന ചോദ്യത്തിന് റസൂൽﷺ മറുപടി നൽകിയത് 'നിശ്ചയം, അത് രോഗമാണ്; ഔഷധമല്ല' എന്നാണ്. മദ്യത്തിന്റെ ഏറ്റവും വലിയ ദോഷം അത് കരളിന്റെ പ്രവർത്തനത്തെ തകർത്ത് ശരീരത്തിന്റെ മെറ്റബോളിസത്തെ ആകമാനം അവതാളത്തിലാക്കിത്തീർക്കുന്നു എന്നതാണ്. കരളിനെ മാത്രമല്ല ശരീരത്തിലെ ഒട്ടുമിക്ക അവയവങ്ങളെയും വ്യവസ്ഥകളെയും അത് അപകടത്തിലാക്കുന്നുണ്ട്. മിക്ക രോഗങ്ങളുടെയും ചികിത്സയിൽ ആദ്യമായി മദ്യം വർജിക്കാനാണ് ആവശ്യപ്പെടാറുള്ളത്.

## വഴിവിട്ട ബന്ധങ്ങൾ

അസാന്മാർഗിക ലൈംഗിക ബന്ധങ്ങൾ ഇസ്‌ലാം കർശനമായി വിരോധിച്ചതാണ്. വ്യഭിചാരത്തോട് നിങ്ങൾ അടുക്കുകപോലും ചെയ്യരുതെന്നാണ് ക്വുർആൻ ആജ്ഞാപിക്കുന്നത്.

"നിങ്ങൾ വ്യഭിചാരത്തെ സമീപിച്ച് പോകരുത്. തീർച്ചയായും അത് ഒരു നീചവൃത്തിയും ദുഷിച്ച മാർഗവുമാകുന്നു" (17:32).

സ്വവർഗരതിയും ഇസ്‌ലാം വിലക്കിയിട്ടുണ്ട്: "ലൂത്വിനെയും (ദൂതനായി അയച്ചു). തന്റെ ജനതയോട് അദ്ദേഹം ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) തീർച്ചയായും നിങ്ങൾ നീചകൃത്യമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. നിങ്ങൾക്കുമുമ്പ് ലോകരിൽ ഒരാളും അതുചെയ്യുകയുണ്ടായിട്ടില്ല. നിങ്ങൾ കാമനിവൃത്തിക്കായി പുരുഷൻമാരുടെ അടുത്ത് ചെല്ലുകയും (പ്രകൃതിപരമായ) മാർഗം ലംഘിക്കുകയും നിങ്ങളുടെ സദസ്സിൽ വെച്ച് നിഷിദ്ധവൃത്തി ചെയ്യുകയുമാണോ?..."(ക്വുർആൻ 29:28,29).

എയിഡ്സ് അടക്കമുള്ള എല്ലാ ലൈംഗിക രോഗങ്ങളുടെയും അടിസ്ഥാന കാരണം ഇസ്‌ലാം വിലക്കിയ ലൈംഗിക ബന്ധങ്ങൾ തന്നെയാണ്. ഭൗതിക വീക്ഷണകോണിലൂടെ നോക്കിയാൽ ലൈംഗിക ബന്ധത്തിന്റെ കാര്യത്തിൽ വിവാഹബന്ധവും വിവാഹേതര ബന്ധവും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. എന്നാൽ വിവാഹേതരബന്ധങ്ങളിലൂടെ മാത്രമാണ് ലൈംഗിക രോഗങ്ങൾ ഉണ്ടാകുകയും പകരുകയും ചെയ്യുന്നത്. വ്യഭിചാരം വ്യാപകമാകുന്ന സമൂഹങ്ങളിൽ മഹാമാരികൾ പടരുമെന്ന് (ഇബ്നു മാജ) ഹദീഥുകളിൽ വന്നിട്ടുണ്ട്.

ലൈംഗിക ബന്ധങ്ങളിലൂടെ പകരുന്ന രോഗാണുക്കൾക്ക് ഇതര കീടാണുക്കളെ അപേക്ഷിച്ച് ചില പ്രത്യേകതകൾ കാണപ്പെടുന്നുണ്ട്. ഇവ ശരീരത്തിന്റെ സ്വാഭാവിക പ്രതിരോധത്തെ അതിജയിക്കുമെന്ന് മാത്രമല്ല എയിഡ്സ് പോലുള്ള രോഗങ്ങളുടെ വൈറസുകൾ ആർജിത പ്രതിരോധത്തെ തന്നെ തകർക്കുന്നതാണ്. അതുപോലെ സിഫിലിസ് പോലുള്ള രോഗങ്ങൾക്ക് കാരണമാകുന്ന അണുക്കളെ പഠന-ഗവേഷണങ്ങൾക്ക് വേണ്ടി ലാബുകളിൽ വളർത്തിയെടുക്കുക പ്രയാസകരമാണ്. മനുഷ്യശരീരത്തിലെ ചർമങ്ങളും ശ്ലേഷ്മസ്തരങ്ങളും സാധാരണ രോഗാണുക്കളെ തടയാൻ കെൽപ്പുള്ളവയാണ്. എന്നാൽ ലൈംഗിക രോഗാണുക്കൾ ഇവയെ ഭേദിച്ച് അകത്ത് കടക്കുന്നതാണ്. ഒരേസമയം ഒന്നിലധികം രോഗങ്ങളുണ്ടാക്കുമെന്നതാണ് ഇവയുടെ മറ്റൊരു പ്രത്യേകത. ലൈംഗിക രോഗങ്ങളിൽ അധികവും അടുത്ത തലമുറയിലേക്ക് പോലും പകരുമെന്നതും ഈ രോഗാണുക്കളുടെ സങ്കീർണത വർധിപ്പിക്കുന്നതാണ്. ഇത്തരം

രോഗാണുക്കളിൽ മിക്കതും മരുന്നുകൊണ്ട് ഫല പ്രദമായി നേരിടാൻ കഴിയാത്തവ കൂടിയായാണ്.

നിയമാനുസൃതമല്ലാത്ത ലൈംഗിക ബന്ധങ്ങൾ വിലക്കിയത് പോലെത്തന്നെ ആർത്തവം പോലുള്ള അശുദ്ധ വേളകളിൽ ലൈംഗിക ബന്ധത്തിലേർപ്പെടുന്നതും ഇസ്‌ലാം വിരോധിച്ചിട്ടുണ്ട്. ഇത്തരം അവസരങ്ങളിൽ സ്വഭാവിക രോഗപ്രതിരോധം ഇല്ലാതാകും എന്ന് മാത്രമല്ല രക്തത്തിന്റെ സാന്നിധ്യം ഇരുവർക്കും അണുബാധയുണ്ടാക്കുന്നതുമാണ്. ലൈംഗിക സംസർഗ രംഗത്ത് ഇസ്‌ലാമിക നിർദേശങ്ങൾ പാലിക്കുന്നത് കൊണ്ടാകാം അസാന്മാർഗിക ബന്ധങ്ങളുടെ ഫലമായുണ്ടാകുന്ന ലൈംഗിക ജന്യ രോഗങ്ങളുടെ അനുപാതം മുസ്‌ലിം രാജ്യങ്ങളിൽ താരതമ്യേന കുറവായിട്ടാണ് കാണപ്പെടുന്നത്.



## വിശിഷ്ടമായ ഭക്ഷണങ്ങൾ

ആരോഗ്യ സംരക്ഷണത്തിന് ആവശ്യമായ പോഷകസമൃദ്ധമായ ഭക്ഷണങ്ങൾ അനുവദനീയമാക്കുക മാത്രമല്ല അമിതമാകാത്തവിധം അവ കഴിക്കാനും ഇസ്‌ലാം ആജ്ഞാപിക്കുന്നുണ്ട്. പോഷകാഹാരക്കുറവ് കൊണ്ടാണ് മുൻകാലങ്ങളിൽ കൂടുതൽ പേർക്കും രോഗങ്ങളുണ്ടായിരുന്നത്. എന്നാൽ ഇന്ന് അമിതാഹാരം നിമിത്തമുള്ള ഭക്ഷ്യജന്യ രോഗങ്ങളാണ് കൂടുതലും കാണപ്പെടുന്നത്. ആഹാരത്തിന്റെ കാര്യത്തിൽ അമിതത്വം പാടില്ലെന്ന് ക്വുർആൻ കണിശമായി കൽപിച്ചതാണ്. ഈ കൽപന കാറ്റിൽ പറത്തുന്നതാണ് പല രോഗങ്ങളുടെയും അടിസ്ഥാന കാരണമായിത്തീരുന്നത്. മനുഷ്യർ പൊതുവെ തീറ്റപ്രിയരായതുകൊണ്ട് ഭക്ഷണ നിയന്ത്രണം ശ്രമകരമായിരിക്കും. അമിതാഹാരത്തിന്റെ കെടുതിയിൽനിന്നും രക്ഷിക്കുന്നതിനും ആഹാര നിയന്ത്രണം ശീലിപ്പിക്കുന്നതിനും കൂടിയാണ് വർഷത്തിൽ ഒരു മാസം വ്രതം നിർബന്ധമാക്കിയത്. ഭക്ഷ്യജന്യ രോഗങ്ങൾക്കുള്ള ഏറ്റവും ഫലപ്രദമായ ചികിത്സയുടെ പ്രാഥമിക നടപടിയും വ്രതം തന്നെയാണ്. വ്രതത്തിന്റെ ആരോഗ്യ നേട്ടങ്ങളെക്കുറിച്ച് അനവധി പഠനങ്ങൾ നടന്നിട്ടുണ്ട്. അവയെല്ലാം വ്രതത്തിന്റെ ആരോഗ്യതലങ്ങൾ വെളിപ്പെടുത്തുന്നതാണ്. 'വ്രതം ഒരു പരിചയാണ്' എന്ന തിരുവചനത്തിന്റെ അർഥവ്യാപ്തയിൽ രോഗപ്രതിരോധവും കൂടി അടങ്ങിയിട്ടുണ്ട്.

## മാനസികാരോഗ്യം

മാനസികപ്രശ്നങ്ങളും സംഘർഷങ്ങളുമാണ് പല രോഗങ്ങൾക്കും നിമിത്തമായി മാറുന്നത്. ശാരീരിക രോഗങ്ങളിൽ അറുപത് ശതമാനവും മാനസിക കാരണങ്ങളാൽ ഉണ്ടാകുന്നതാണ്. വിശ്വാസവും സൽകർമങ്ങളും മാനസികാരോഗ്യ സംരക്ഷണ രംഗത്ത് ഗണ്യമായ പങ്കുവഹിക്കുന്നുണ്ട്. ക്വുർആൻ പറയുന്നു: "ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമം പ്രവർത്തിക്കുന്ന പക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്..."(16:97).

രോഗപ്രതിരോധത്തിന്റെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ അതിനെക്കുറിച്ച് ലോകം ബോധവാന്മാരാകുന്നത് കഴിഞ്ഞ നൂറ്റാണ്ടിൽ മാത്രമാണെന്ന് കാണാം. എന്നാൽ ഇസ്‌ലാം പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ ഈ രംഗത്ത് വ്യക്തമായി നിർദേശങ്ങൾ നൽകിയിട്ടുണ്ട്. രോഗപ്രതിരോധം മാത്രമല്ല, വന്ന രോഗങ്ങളെ ചികിത്സിക്കാനും ഇസ്‌ലാം കൽപിക്കുന്നുണ്ട്.

അനുചരന്മാർ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ ചികിത്സിക്കേണ്ടതുണ്ടോ?" നബിﷺ പറഞ്ഞു: "അതെ, അല്ലാഹുവിന്റെ ദാസന്മാരേ, നിങ്ങൾ ചികിത്സിക്കുക. വാർധക്യമൊഴികെയുള്ള എല്ലാ രോഗങ്ങൾക്കും അവൻ ശമനവും ഉണ്ടാക്കിയിട്ടുണ്ട്"(അഹ്മദ്).

മറ്റൊരു നബിവചനം കാണുക: "നിശ്ചയം, അല്ലാഹു ഒരു രോഗവും ഇറക്കിയിട്ടില്ല; അതിന്റെ ശമനവും ഇറക്കിയിട്ടല്ലാതെ. അത് അറിയുന്നവൻ അറിയുന്നു, അറിയാത്തവൻ അറിയുന്നില്ല."

അന്ധവിശ്വാസമുക്തമായ ഔഷധസേവയിലൂന്നിയ ചികിത്സാരീതിയാണ് ഇസ്‌ലാം പരിചയപ്പെടുത്തുന്നത്. അതോടപ്പം ചികിത്സയെക്കാൾ ഉത്തമം പ്രതിരോധം എന്ന തത്ത്വത്തെ അന്വർഥമാക്കുംവിധം രോഗപ്രതിരോധത്തിന് പ്രമുഖ്യം നൽകുന്നുമുണ്ട്.

കെ. ഉമർ മൗലവി





# മതം മനുഷ്യനന്മക്ക്

(സൽസബീൽ മാസിക, 1997 ജൂലൈ 20)

**'ദീ**ൻ' എന്ന പദത്തിന് 'നിയമം,' 'പ്രതിഫലം' എന്നൊക്കെ ഭാഷാർഥങ്ങൾ ഉണ്ട്. എന്നാൽ സാങ്കേതികാർഥത്തിൽ 'മതം' എന്നുതന്നെയാണ് പറയുന്നത്. മരണശേഷം മനുഷ്യന്റെ രക്ഷയും മോക്ഷവും ശാശ്വതമായിരിക്കേണ്ടതിന് ആവശ്യമായ മാർഗനിർദേശങ്ങളുടെ ആകെത്തുകയാണ് മതം. ഇതേക്കുറിച്ച് ഒട്ടേറെ സങ്കൽപങ്ങളും ധാരണകളുമുണ്ട്. പക്ഷേ, യാഥാർഥ്യം ഒന്നേയുള്ളൂ. അതാണ് ഇസ്‌ലാം. ഈ പദത്തിന് 'സമാധാനം,' 'അനുസരണം' തുടങ്ങിയ ഭാഷാർഥങ്ങൾ ഉണ്ടെങ്കിലും 'അർപ്പണം' എന്ന അർഥമാണ് ഏറ്റവും യോജ്യമായിട്ടുള്ളത്.

ഇസ്‌ലാം എന്നാൽ അർപ്പണം എന്നാകുന്നു. അപ്പോൾ ഇസ്‌ലാം ദീൻ എന്നതിന്ന് അർപ്പണത്തിന്റെ മതം എന്നായി. മറ്റേതൊരു മതവും അതുത്ഭവിച്ച സമുദായത്തിന്റെ പേരിലോ അതിന്റെ സ്ഥാപകന്റെയോ പ്രബോധകന്റെയോ പേരിലോ ആണ് അറിയപ്പെടുന്നത്; ക്രിസ്തു

മതം, ബുദ്ധമതം എന്നിവപോലെ. എന്നാൽ ഇസ്‌ലാം മതം അങ്ങനെയല്ല. അതിൽ ഏതെങ്കിലുമൊരു സമുദായത്തിന്റെയോ ഒരു പ്രവാചകന്റെയോ പരാമർശമില്ല. കാരണം എല്ലാ പ്രവാചകന്മാരും പ്രബോധനം ചെയ്തതാണത്. മനുഷ്യവർഗത്തിന്നാകമാനം സ്വീകാര്യമായിട്ടുള്ളത്. അതിനാൽ യാതൊരു പ്രത്യേക ബന്ധവും സൂചിപ്പിക്കാതെ ഇസ്‌ലാം മതമെന്ന പൊതുവായ നാമം അല്ലാഹു നൽകിയിരിക്കുകയാണ്.

അർപ്പണത്തിന്റെ മതമെന്നു നാം അർഥം പറഞ്ഞല്ലോ. എന്താണ് അർപ്പിക്കേണ്ടത്? ആർക്കാണ് അർപ്പിക്കേണ്ടത്? മനുഷ്യർക്ക് നേർവഴി കാണിച്ചുകൊടുക്കുവാനായി അല്ലാഹു അവതരിപ്പിച്ച വേദങ്ങളിൽവെച്ച് യാതൊരു വ്യത്യാസവും വരാതെ സുരക്ഷിതമായി നിലകൊള്ളുന്ന പരിശുദ്ധ ക്വുർആനിൽ അല്ലാഹു പറയുന്നു:

“നിശ്ചയമായും അല്ലാഹു സത്യവിശ്വാസികളിൽനിന്ന് അവരുടെ ആത്മാക്കളെയും അവരുടെ മുതലുകളെയും വിലയ്ക്കെടുത്തിരിക്കുന്നു. അവർക്ക് സ്വർഗമുണ്ട് എന്നുള്ളതിന് പകരമായി” (തൗബ 111). അതായത്, സത്യവിശ്വാസികൾക്ക് വേണ്ടി അല്ലാഹു ഒരു കച്ചവടം നടത്തിയിട്ടുണ്ടെന്ന് അല്ലാഹു പറയുന്നു. ചരക്ക് ആത്മാവും ധനവുമാണ്. വില നിശ്ചയിച്ചിരിക്കുന്നത് പരലോകത്ത് സ്വർഗവുമാണ്. ഇപ്പോൾ രണ്ടു ചോദ്യങ്ങൾക്കും ഉത്തരം കിട്ടി. അർപ്പിക്കേണ്ട വസ്തു ആത്മാവും ധനവും. അർപ്പിക്കേണ്ടത് അല്ലാഹുവിന്ന്. ഇതാണ് ഇസ്‌ലാം. ഈ കച്ചവടം തൃപ്തിപ്പെട്ട് അംഗീകരിച്ചവനാണ് മുസ്‌ലിം. വിസമ്മതിച്ചവൻ മുസ്‌ലിമല്ല. ഈ ആശയം പരിശുദ്ധ വേദഗ്രന്ഥത്തിൽ വിവിധ വാചകങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. ആത്മാവിനെ സംബന്ധിച്ച് പറഞ്ഞ ഒരു ഉദാഹരണം കാണുക:

“അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിച്ചുകൊണ്ട് ആത്മാവിനെ വിൽക്കുന്നവരുണ്ട് മനുഷ്യരുടെ കൂട്ടത്തിൽ. അല്ലാഹു അടിമകളോട് വളരെ വാത്സല്യമുള്ളവനാകുന്നു” (അൽബക്വറ 207).

മുസ്‌ലിമിനെ പറ്റിയാണ് ഈ വചനത്തിൽ പറയുന്നത്. ആത്മവ്യാപാരമെന്ന് പറയുമ്പോൾ ശരീരത്തിന് യാതൊരു ബന്ധവും ഇല്ലാത്തതും ആത്മാവിനെ മാത്രം ബാധിക്കുന്നതുമായ കാര്യമാണെന്ന് ധരിക്കരുത്. ആത്മഹത്യ എന്നും ആത്മപ്രശംസ എന്നുമൊക്കെ പറയുന്നതുപോലെയാണിത്. ഈ വ്യാപാരം ഒരുവൻ അംഗീകരിച്ചുകഴിഞ്ഞാൽ പിന്നെ ആവശ്യമായിട്ടുള്ളതെന്തെന്നാൽ, തന്റെ ഉടമസ്ഥൻ അല്ലാഹുവാണെന്ന വിശ്വാസം ആദ്യമായി ഉൾക്കൊള്ളണം. ഉടമസ്ഥനായ അല്ലാഹുവിന്റെ അനുവാദമനുസരിച്ചല്ലാതെ തന്റെ ഇഷ്ടാനുസരണം യാതൊന്നും ചെയ്യുവാൻ ഒരുങ്ങരുത്.

കണ്ണ്, മൂക്ക്, ചെവി, കൈ, കാല്, തലച്ചോറ് മുതലായവയുടെയെല്ലാം ഉടമസ്ഥൻ അല്ലാഹുതന്നെയാണെന്നുള്ളതിനാൽ അല്ലാഹുവിന്റെ അനുവാദമില്ലാതെ വല്ലതും നോക്കുകയോ കേൾക്കുകയോ സംസാരിക്കുകയോ നടക്കുകയോ ഇരിക്കുകയോ ചിന്തിക്കുകയോ ഒന്നും അരുത്. ഏതു വിഷയത്തിലും അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചുകൊണ്ടേ ഇടപെടാവൂ. ഈ സൂക്ഷ്മത എല്ലായ്പ്പോഴും പാലിക്കണം. ആത്മാർപ്പണത്തിന്റെ പ്രതികരണമാണത്. ഇതിൽ വല്ല വ്യത്യാസവും വന്നുപോയാൽ, ഉദാഹരണം: തനിക്കിഷ്ടമുള്ളതെല്ലാം സംസാരിക്കാൻ തനിക്ക് സ്വാതന്ത്ര്യമുണ്ട്; യാതൊരു നിയമവ്യവസ്ഥയും പരിഗണിക്കേണ്ടതില്ല എന്ന് ഒരാൾ വിചാരിക്കുന്നപക്ഷം ഉടമസ്ഥന്റെ സമ്മതം കൂടാതെ അനധികൃതമായി, അക്രമമായി കടന്നുപ്രവർത്തിച്ചു എന്നുവന്നു. അപ്പോൾ കച്ചവടം പിൻവലിച്ചുവെന്നർഥമായിത്തീരും. ചുരുക്കത്തിൽ സംസാരം, നോട്ടം, കേൾവി, ഭക്ഷണപാനീയങ്ങൾ, ലൈംഗിക വിഷയങ്ങൾ തുടങ്ങി എല്ലാ കാര്യങ്ങളിലും അല്ലാഹുവിന്റെ അനുവാദവും തൃപ്തിയും അനുസരിച്ചല്ലാതെ മുസ്‌ലിമിന്നു യാതൊന്നും ചെയ്യാൻ നിവൃത്തിയില്ല.

ആത്മാർപ്പണത്തെ സംബന്ധിച്ച് പറഞ്ഞ മറ്റൊരു വേദവാക്യം:

“പറയുക: നിശ്ചയമായും എന്റെ പ്രാർഥനയും എന്റെ ബലിയും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിനു വേണ്ടിയാകുന്നു” (അൽഅൻആം 112).

എന്റെ ജീവിതവും എന്റെ മരണവും അല്ലാഹുവിനുവേണ്ടി ഞാൻ ജീവിക്കുന്നുവെന്ന് വെച്ചാൽ; എന്റെ ജീവിതത്തിൽ എനിക്ക് എന്തെങ്കിലും സാധിക്കണമെന്നുള്ള യാതൊരു ഉദ്ദേശവും എന്റെ ഇഷ്ടപ്രകാരം ഞാൻ കൈകൊണ്ടിട്ടില്ല. അല്ലാഹു എന്നിൽനിന്ന് എന്താണോ തൃപ്തിപ്പെടുന്നത് അതാണ് എന്റെ ആവശ്യം; അതെത്ര പ്രയാസപ്പെട്ടതായാലും തരക്കേടില്ല. അതിനുവേണ്ടി എന്ത് കഷ്ടവും നഷ്ടവും സഹിച്ചു ത്യാഗം ചെയ്യുവാൻ ഞാനൊരുക്കമാണ്. അല്ലാഹു വെറുക്കുന്ന ഒരു കാ

ര്യത്തിൽ എനിക്കെത്ര ആവശ്യവും ആശയും തോന്നിയാലും അല്ലാഹു വെറുക്കുന്നു എന്ന ഏക കാരണത്താൽ ഞാനത് വർജിക്കുന്നതാകുന്നു. അല്ലാഹുവിന്റെ തൃപ്തി ലഭിക്കുന്ന മാർഗത്തിൽ മരണത്തെ ഞാൻ സ്വാഗതം ചെയ്യുന്നതാകുന്നു. അല്ലാഹുവിനുവേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്യുക എന്നതിന്റെ സാരമാണിത്. വ്യക്തിപരമായും കടുംബപരമായും സാമൂഹികമായും രാഷ്ട്രീയമായും രാഷ്ട്രാന്തരീയമായും മറ്റുമുള്ള എല്ലാ കാര്യങ്ങളിലും ഈ നിലപാടു കൈകൊള്ളേണ്ടതാകുന്നു. മനുഷ്യനും ദൈവവും തമ്മിലുള്ള സ്വകാര്യബന്ധത്തെ മാത്രം പരാമർശിക്കുന്ന ഒന്നാണ് മതമെന്നൊരു ധാരണ ചിലർക്കുണ്ട്. ഇസ്‌ലാം മതത്തെ സംബന്ധിച്ചിടത്തോളം അതൊരിക്കലും ശരിയല്ല.

മേൽ ഉദ്ധരിച്ച വേദവാക്യത്തിൽ എന്റെ ജീവിതവും എന്റെ മരണവും അല്ലാഹുവിന് വേണ്ടി എന്നു പറഞ്ഞേടത്ത് അല്ലാഹുവിനെ സംബന്ധിച്ച് ഒരു വിശേഷണം പറഞ്ഞിട്ടുണ്ടല്ലോ; 'ലോകരക്ഷിതാവായ' എന്ന്. അത് വളരെ അർഥഗർഭവും കാര്യമാത്ര പ്രസക്തവുമായ പ്രയോഗമാകുന്നു. ഞാൻ അല്ലാഹുവിന് വേണ്ടി ജീവിക്കുന്നുവെന്ന് പറയുമ്പോൾ അല്ലാഹുവിന്ന് വല്ല നേട്ടവും ഉണ്ടാക്കിക്കൊടുക്കുവാൻ എന്നു തോന്നിപ്പോയേക്കാവുന്നതാണ്. എന്നാൽ അങ്ങനെ ഒന്ന് ഇവിടെയില്ല. അല്ലാഹുവിന് വല്ല പോരായ്മയുമുണ്ടെങ്കിലല്ലേ അതു നികത്തിക്കൊടുക്കേണ്ട പ്രശ്നം വരുന്നുള്ളൂ. അല്ലാഹു എല്ലാം തികഞ്ഞവനാകുന്നു. എല്ലാവരും അവനോട് തികഞ്ഞ അച്ചടക്കം പാലിച്ചാൽ അല്ലാഹുവിന് യാതൊരു നേട്ടവുമില്ല. എല്ലാവരും അവനോട് ധിക്കാരം കാണിച്ചാൽ അല്ലാഹുവിന്റെ മഹത്ത്വത്തിന് യാതൊരു കോട്ടവും ഇല്ല. നേട്ടവും കോട്ടവുമൊക്കെ നമുക്കുതന്നെയാകുന്നു. ലോകരക്ഷിതാവായ അല്ലാഹുവിന് വേണ്ടി ജീവിക്കുന്നുവെന്ന് പറയുമ്പോൾ മേൽസൂചിപ്പിച്ച തെറ്റിദ്ധാരണ ഒഴിവാകും. അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ലോകത്ത് കഴിവിൽപെട്ടിടത്തോളം നന്മ വരുത്തുക, അഥവാ എല്ലാവർക്കും കഴിയുന്ന ഗുണം ചെയ്തുകൊടുക്കുക എന്നും അർഥമാകും. അല്ലാഹുവിന്റെ സൃഷ്ടികൾക്ക് കഴിവിൽ പെട്ട എല്ലാ ഗുണങ്ങളും ചെയ്തുകൊടുക്കൽ മുസ്‌ലിമിന്റെ ബാധ്യതയാണെന്ന് വരും. ആരെയും അന്യായമായും അകാരണമായും ദ്രോഹിക്കുവാൻ ഒരിക്കലും പാടില്ല. ഇസ്‌ലാം മതത്തിന്റെ അന്ത്യപ്രവാചകൻ ഈ വിഷയം വളരെ വിശദമായി നമ്മെ പഠിപ്പിച്ചിരിക്കുന്നു. എല്ലാ പ്രവാചകൻമാരും ഇതുപോലെ പഠിപ്പിച്ചവർതന്നെയാണ്.

ഒരു നബിവചനം ശ്രദ്ധിക്കുക: "ഒരു പെണ്ണ് ഒരു പൂച്ച കാരണത്താൽ നരകത്തിൽ കടന്നു. അവൾ അതിനെ ബന്ധിച്ചു. എന്നിട്ട് അതിന് ഭക്ഷണം കൊടുത്തില്ല. ഭൂമിയിലെ പ്രാണികളെ പിടിച്ചുതിന്നാൻതക്ക നിലയിൽ അതിനെ വിട്ടയച്ചതുമില്ല." അതായത് പൂച്ച വീട്ടിനകത്തും അടുക്കളയിലും വലിയ ശല്യമുണ്ടാക്കുന്ന ജീവിയാണ്. ശല്യം ഒഴിവാക്കാനായി അതിനെ കൂട്ടിലിടുകയോ കെട്ടിയിടുകയോ ചെയ്യേണ്ടിവന്നാൽ അതിനു വിരോധമില്ല. പക്ഷേ, അല്ലാഹു നിങ്ങൾക്കു നൽകിയ ഭക്ഷണം നിങ്ങൾ തിന്നുകയും തീറ്റുകയും ചെയ്യുമ്പോൾ ആ പൂച്ചക്കും വിശപ്പടക്കാൻ കൊടുക്കണം. അതിന് സൗകര്യപ്പെടാത്ത പക്ഷം അതിനെ വിട്ടയക്കുക. ചുറ്റിനടന്ന് വല്ലതും പെറുക്കിത്തിന്നുകൊള്ളട്ടെ. ഇങ്ങനെയൊന്നും ചെയ്യാതെ അതിനെ ബന്ധിച്ച് കഷ്ടപ്പെടുത്തുന്നപക്ഷം നിങ്ങൾ നരകശിക്ഷ അനുഭവിക്കേണ്ടിവരുന്നതാകുന്നു. പ്രവാചകവചനത്തിൽ പെണ്ണിനെ ആസ്പദമാക്കിയാണ് പറഞ്ഞിട്ടുള്ളത് എങ്കിലും നിയമം എല്ലാവർക്കും ബാധകമാണ്. അല്ലാഹുവിന്റെ നിയമനടപടികളിൽ പക്ഷഭേദമില്ല. കുറ്റമായ സംഗതി ആരു ചെയ്താലും കുറ്റമാണ്. ഒരു പൂച്ചയെ ദ്രോഹിച്ചതിന്റെ കെടുതിയാണല്ലോ നാമിവിടെ കണ്ടത്. ഇനി ഇതിന്റെ മറുവശംകൂടി കാണുക. പ്രവാചകൻﷺ പറഞ്ഞു:

"ഒരു നായ കിണറിനുചുറ്റും നടന്നുകൊണ്ടിരിക്കെ ഇസ്രാഈൽ കുടുംബത്തിൽപെട്ട ഒരു വേശ്യാസ്ത്രീ അതുകണ്ടു. നായ ദാഹിച്ചു വലഞ്ഞിരിക്കുകയാണെന്നവൾ മനസ്സിലാക്കി. അതിനു ദാഹശമനം വരുത്തിക്കൊടുക്കുന്നതിൽ അല്ലാഹുവിന്റെ തൃപ്തിയെ അവൾ കാംക്ഷിച്ചു. അവൾ ഷൂ ഊരി അതിൽ വെള്ളം കോരി നായയെ കുടിപ്പിച്ചു. തന്നിമിത്തം അവൾക്ക് പൊറുത്തുകൊടുത്തു." നോക്കുക! ദുർവൃത്തികളിൽ വെച്ച് ഏറ്റവും നീചമായ മഹാപാപം നിത്യത്തൊഴിലാക്കിയിരുന്ന ഒരാൾക്ക് പാപമോചനം ലഭിച്ചത് നായക്ക് വെള്ളം കോരിക്കൊടുത്തതിന്റെ ഫലമായിട്ടാണെന്നു കാണുന്നു. ഇത്രവലിയ ഗുണം ഇതിനുണ്ടോ? തീർച്ചയായും ഉണ്ടെന്നാണ് ലോകത്തിന് കാരുണ്യമായി നിയോഗിക്കപ്പെട്ട അന്ത്യപ്രവാചകൻﷺ പഠിപ്പിച്ചിരിക്കുന്നത്. കാരണം വ്യക്തമാണ്. മുസ്‌ലിം അല്ലാഹുവിനു വേണ്ടി ജീവിക്കുന്നു. അല്ലാഹു എല്ലാ സൃഷ്ടികളുടെയും യജമാനനാകുന്നു. അതിനാൽ എല്ലാ സൃ

ഷ്ടികൾക്കും കഴിയുന്ന ഗുണം ചെയ്തുകൊടുക്കൽ മുസ്‌ലിമിന്റെ കടമയാകുന്നു. നാം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരാളുടെ ബന്ധുക്കളെയും ആശ്രിതരെയും സഹായിക്കുവാൻ ഉത്സാഹം തോന്നൽ സ്വാഭാവികമാണല്ലോ.

ഇസ്‌ലാമിന്റെ അന്ത്യപ്രവാചകന്റെ ഒരു തിരുവചനവും കൂടി കേൾക്കുക: "അല്ലാഹുവിന്ന് ആത്മാർപ്പണം ചെയ്ത മുസ്‌ലിം വല്ലതും കൃഷി ചെയ്തുണ്ടാക്കിയാൽ അതിൽനിന്ന് തിന്നുപോകുന്നതൊക്കെയും അയാളുടെവക ധർമ്മമാകുന്നു. അതിൽനിന്ന് കളവുപോയാൽ അതും അയാളുടെവക ധർമമാകുന്നു. അതിൽനിന്ന് വല്ലതും മുറിച്ചെടുത്താൽ അതും അയാളുടെവക ധർമമാകുന്നു. ഈ മൂന്ന് ഇനത്തിലും ധർമമായിട്ടല്ലാതെ ഒന്നുമില്ല."

ഈ വചനത്തിന്റെ ഉള്ളടക്കം ഒരു ഉദാഹരണത്തിലൂടെ വിശദമാക്കാം: ഒരു മുസ്‌ലിം, അതായത് അല്ലാഹുവിനുവേണ്ടി ആത്മാർപ്പണം ചെയ്തവൻ ഒരു ചക്കക്കുരു പാകി. അത് മുളച്ചുപൊന്തി വളർന്നു പ്ലാവായി. അതിന്റെ ഇലകൾ ആട് തിന്നുന്നു. ചക്ക മനുഷ്യർ തിന്നുന്നു. ചക്കയുടെ മടൽ മൃഗം തിന്നുന്നു. മരത്തിൽ ചക്ക പഴുത്ത് പക്ഷികൾ കൊത്തിത്തിന്നുന്നു. ഇങ്ങനെ മനുഷ്യരും മൃഗങ്ങളും പറവകളും പലവിധത്തിൽ തിന്നുന്നതൊക്കെയും ആ ചക്കക്കുരു പാകിയവന്റെ വക ധർമമാകുന്നു. ആ പ്ലാവിൽനിന്ന് ഒരു ചക്ക മോഷണം പോയാൽ അതും അയാളുടെ വക ധർമമാകുന്നു. മോഷ്ടാവിന് കുറ്റമില്ലെന്നു ഇവിടെ ആരും അർഥമാക്കരുത്. ഓരോരുത്തർക്കും അവരവർ ചെയ്തതുണ്ടായിരിക്കും. മോഷ്ടാവിന് മോഷണക്കുറ്റം. മുതൽ നഷ്ടപ്പെട്ടവന്നു നഷ്ടപരിഹാരം. ആ പ്ലാവിന്റെ അല്ലികളും കൊമ്പുകളുമെടുത്ത് തീ കത്തിച്ചാൽ അതും ആ വിത്ത് പാകിയവന്റെവക ധർമമാകുന്നു. അവസാനം ആ മരം മുറിച്ച് പലകയും കഴുക്കോലും മറ്റുമായി ഈർന്ന് ഉപയോഗപ്പെടുത്തിയാൽ അതും അയാളുടെവക ധർമമാകുന്നു. നോക്കുക! പുണ്യം സമ്പാദിക്കുവാനുള്ള മാർഗം ഇസ്‌ലാമിൽ എത്ര എളുപ്പം! ഇതൊക്കെ ഇത്രത്തോളം വന്നതെന്തുകൊണ്ടെന്നാൽ മർമപ്രധാനമായ ഒരു തത്ത്വം നേരത്തെ അംഗീകരിച്ചിട്ടുണ്ട്. ലോകരക്ഷിതാവായ അല്ലാഹുവിനുവേണ്ടി ജീവിക്കുക, അഥവാ ആത്മാർപ്പണം ചെയ്യുക എന്ന തത്ത്വം. ഈ തത്ത്വത്തിൽനിന്നുള്ള നീക്കങ്ങളും അതിന്റെ പ്രതികരണങ്ങളുമാണ് മുസ്‌ലിമിന്റെ സർവവും

അല്ലാഹുവിന്ന് അർപ്പിക്കേണ്ട രണ്ടാമത്തെ വസ്തു ധനമാണെന്ന് നേരത്തെ പറഞ്ഞിട്ടുണ്ടല്ലോ. അതെങ്ങനെയെന്നാൽ ധനം മാതാപിതാക്കളിൽനിന്നോ മറ്റോ അവകാശം കിട്ടിയതോ, കച്ചവടമോ കൃഷിയോ മുഖേന സമ്പാദിച്ചതോ, ന്യായമായ നിലയിൽ സംഭാവന ലഭിച്ചതോ ഏതായാലും ശരി, അതിന്റെ ഉടമസ്ഥത അല്ലാഹുവിന്ന് വിട്ടുകൊടുക്കുക, വ്യക്തികൾക്ക് അനുവദിക്കപ്പെട്ട ഉടമസ്ഥാവകാശം ഇഷ്ടം പോലെ എന്തും ചെയ്യാമെന്ന അർഥത്തിലല്ല; സമ്മതം കൂടാതെ മറ്റുള്ളവർക്ക് അതിൽ കയ്യിടുവാൻ അവകാശമില്ല എന്നും കൈവശക്കാരന് ക്രയവിക്രയം ചെയ്യാൻ അധികാരമുണ്ട് എന്നുമുള്ള അർഥത്തിലാണ്. അല്ലാഹുവിന്റെ സമ്മതത്തിനെതിരെ കൈകാര്യം ചെയ്യുവാൻ അധികാരമില്ല എന്ന ബോധം എപ്പോഴുമുണ്ടായിരിക്കണം. ഉടമസ്ഥാവകാശം അല്ലാഹുവിന്ന് വിട്ടുകൊടുത്താൽ പിന്നെ തനിക്ക് അത് തൊടാൻ പാടില്ലാതെ ആയിത്തീരുകയും തനിക്കും കുടുംബത്തിനും ജീവിതം മുട്ടിപ്പോവുകയും ചെയ്യുമെന്ന് ധരിക്കരുത്. ന്യായമായ നിലയിൽ ആവശ്യത്തിന് ചെലവാക്കിക്കൊള്ളുവാൻ അല്ലാഹു അനുവദിച്ചിരിക്കുന്നു, അഥവാ ആജ്ഞാപിച്ചിരിക്കുന്നു. ഔദാര്യപൂർവം അല്ലാഹു അനുവദിച്ചുതന്നു എന്നുള്ള ഉപകാര സ്മരണയോടുകൂടി സ്വന്തം ആവശ്യത്തിന് ചെലവഴിക്കുമ്പോൾ അതു സംബന്ധിച്ച് അല്ലാഹുവിന് നന്ദിപറയൽ സ്വാഭാവികമായി വന്നുകൂടുന്നതാണ്. ഇത് മുസ്‌ലിമിന്റെ ചിട്ടയുമാണ്. അഗതികൾക്ക് ധർമം കൊടുക്കുവാനും മനുഷ്യർക്ക് ഉപകാരപ്രദമായ മാർഗങ്ങളിൽ ചെലവഴിക്കുവാനും അല്ലാഹു കൽപിച്ചിരിക്കുന്നു. ഇതിലൊക്കെയും അല്ലാഹുവിന്റെ തൃപ്തിയെ മാത്രമാണ് ഉന്നമാക്കേണ്ടത്. സൽക്കീർത്തി ആഗ്രഹിച്ചുകൊണ്ടോ പ്രത്യുപകാരം കാംക്ഷിച്ചുകൊണ്ടോ ആയിപ്പോകരുത്. ധർമം വാങ്ങിയവന്റെ നേരെ മേന്മനടിക്കുകയോ അതെടുത്തു പറഞ്ഞ് അവനെ ക്ലേശിപ്പിക്കുകയോ അരുത്. തന്റെ കടമ നിറവേറ്റിയതായി മാത്രമെ കണക്കാക്കാൻ പാടുള്ളൂ. ധനത്തിന്റെ ഉടമസ്ഥാവകാശം അല്ലാഹുവിന്ന് അർപ്പിക്കുകയും അല്ലാഹുവിന്റെ നിർദേശപ്രകാരം അത് കൈകാര്യം ചെയ്യുകയും ചെയ്താൽ ലോകത്തെ അലട്ടിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പ്രശ്നങ്ങൾക്കെല്ലാം പരിഹാരം ലഭിക്കുന്നതാകുന്നു.

ഇസ്‌ലാം എന്നതിന്റെ മർമപ്രധാനമായ തത്ത്വമാണ് ഇതുവരെ പറഞ്ഞത്. ദൈവനിയുക്തരായ എല്ലാ പ്രവാചകന്മാരും ഈ തത്ത്വം തന്നെയാണ് ഉപദേശിച്ചത്. എല്ലാ പ്രവാചകന്മാരും മുസ്‌ലിംകളാണ്. അവരുടെ അനുയായികളും മുസ്‌ലിംകളാണ്. **(അവസാനിച്ചില്ല)**

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com





മുഹമ്മദ് നബിﷺ 36

# പ്രവാചകന്റെ കാലത്തെ യുദ്ധങ്ങൾ

അനുചരന്മാർക്ക് അവിടുന്ന് ഇപ്രകാരം കൽപന നൽകി: "നിങ്ങൾ (മുന്നോട്ട്) നടക്കുകയും സന്തോഷിക്കുകയും ചെയ്യുവിൻ. കാരണം, തീർച്ചയായും അല്ലാഹു രണ്ടാലൊരു വിഭാഗത്തെ എനിക്ക് വാഗ്ദാനം ചെയ്തിരിക്കുന്നു. അല്ലാഹുവാണ സത്യം! ആ ജനതയുടെ പതനസ്ഥലത്തേക്ക് ഞാൻ നോക്കിക്കാണുന്നവനെ പോലെയാണ് (ഇപ്പോൾ)."

കച്ചവട സംഘത്തോട് പോരാടുകയാണെങ്കിൽ അതൊരു വിഷമമുള്ള കാര്യമല്ല. അതിനാൽ പലരും അ

താണ് കൊതിച്ചിരുന്നത്. ക്വുറയ്ശിപ്പടയാണ് വരുന്നതെങ്കിൽ അവരോട് അടരാടാൻ നാം പര്യാപ്തരുമല്ല. അതിനാൽ മടങ്ങാം എന്നായിരുന്നു ആദ്യസമയത്ത് ചിലർ നബിﷺയോട് നിർദേശിച്ചത്. എന്നാൽ അല്ലാഹു നബിﷺക്ക് ബോധനം നൽകി. രണ്ടിൽ ഏത് വിഭാഗമാണോ നിങ്ങളോട് ഏറ്റുമുട്ടുന്നത് അവരെ മുസ്‌ലിംകൾക്ക് കീഴ്‌പ്പെടുത്തിക്കൊടുക്കും. ഈ സന്തോഷം നബിﷺ അനുചരന്മാരെ അറിയിച്ചു. മാത്രവുമല്ല, ശത്രുക്കളുടെ പ്രധാനികൾ ഓരോരുത്തരും ശിരസ്സറ്റ് ഏതുഭാഗത്താണ് വീഴുന്നത് എന്ന് പോലും അല്ലാഹു തിരുദൂതർക്ക് കാണിച്ചു കൊടുത്തു. ഇതുകൂടെ കേട്ടപ്പോൾ സ്വഹാബിമാർക്ക് ആശ്വാസവും ലഭിച്ചു. മാത്രവുമല്ല, അല്ലാഹുവിന്റെ സഹായം പല രൂപത്തിലായി അവരിൽ അല്ലാഹു ഇറക്കിക്കൊണ്ടിരിക്കുകയും ചെയ്തു.

ശത്രുക്കളുടെ എണ്ണം എത്രയോ അധികമാണെന്ന് അവർക്ക് അറിയാം. എന്നാലും അല്ലാഹു അവരുടെ മനസ്സിൽ അവരുടെ എണ്ണത്തെ ചുരുക്കിക്കാണിച്ചു. അവരുടെ മനസ്സിന് അല്ലാഹു ധൈര്യം നൽകി. ഘോരമായ സംഘട്ടനം നടക്കുന്നതിന്റെ തൊട്ടുമുമ്പുള്ള സമയത്ത് ആർക്കാണ് ഉറക്കം വരിക? ഭീതിയിലായിരിക്കുമല്ലോ എല്ലാവരും. എന്നാൽ അല്ലാഹു മുസ്‌ലിംകൾക്ക് നന്നായി ഉറങ്ങാനുള്ള ഒരു അവസ്ഥ അവരുടെ മനസ്സിന് നൽകുകയാണ്. അങ്ങനെ അവർക്ക് ഒരു മയക്കം പിടിപെടുന്നു. കുറെനേരം ഉറങ്ങിയത് പോലെ തോന്നിക്കുന്ന രൂപത്തിലുള്ള ഒരു തൂങ്ങിയുറക്കം. അതിനെക്കുറിച്ച് ക്വുർആൻ ഇപ്രകാരം ഉണർത്തുന്നു:

“അല്ലാഹു തന്റെ പക്കൽനിന്നുള്ള മനഃശാന്തിയുമായി നിങ്ങളെ നിദ്രാമയക്കംകൊണ്ട് ആവരണംചെയ്തിരുന്ന സന്ദർഭം (ഓർക്കുക). നിങ്ങളെ ശുദ്ധീകരിക്കുന്നതിനും, നിങ്ങളിൽനിന്ന് പിശാചിന്റെ ദുർബോധനം നീക്കിക്കളയുന്നതിനും, നിങ്ങളുടെ മനസ്സുകൾക്ക് കെട്ടുറപ്പ് നൽകുന്നതിനും, പാദങ്ങൾ ഉറപ്പിച്ചു നിർത്തുന്നതിനും വേണ്ടി അവൻ നിങ്ങളുടെമേൽ ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞുതന്നിരുന്ന സന്ദർഭവും (ഓർക്കുക)” (ക്വുർആൻ 8:11).

ആ ഉറക്കം അവർക്ക് കൂടുതൽ നിർഭയത്വം ലഭിക്കാൻ ഇടയായി. കൂടുതൽ ഉന്മേഷം ലഭിക്കാനും അത് നിമിത്തമായി. കൂടാതെ, അല്ലാഹു വാനലോകത്തുനിന്നും മഴ വർഷിപ്പിക്കുകയും ചെയ്തു. ആ മഴ മുസ്‌ലിംകൾക്ക് അനുഗ്രഹവും ശത്രുക്കൾക്ക് വലിയ പ്രയാസവുമാണ് ഉണ്ടാക്കിയത്. നബിﷺയും അനുയായികളും ബദ്‌റിന്റെ മുകൾ ഭാഗത്തായിരുന്നു. ക്വുറയ്ശിപ്പട ബദ്‌റിന്റെ താഴ്‌വരയിലും. വെള്ളം ലഭിക്കാതെ ബുദ്ധിമുട്ടുന്ന മുസ്‌ലിംകൾക്ക് ആ മഴ കുടിവെള്ളത്തിനുള്ള സൗകര്യമൊരുക്കി. കുടിക്കാനും കുളിക്കാനും വെള്ളമില്ലാതെ കഷ്ടപ്പെട്ട സമയമായിരുന്നു ആ മഴ ചൊരിയപ്പെട്ടത്. വെള്ളസൗകര്യമുള്ള ഭാഗത്ത് ശത്രുസൈന്യം തമ്പടിക്കുകയും ചെയ്തു. അതുപോലെ മുസ്‌ലിംകൾ നിൽക്കുന്ന ഭാഗത്തെ മണ്ണും ഒരു പ്രത്യേക രൂപത്തിലായിരുന്നു. ചവിട്ടിയാൽ കാൽ ആണ്ടുപോകുന്ന അവസ്ഥ! ഇപ്രകാരം വിഷമങ്ങൾ അനുഭവിക്കുന്ന വേളയിൽ പെയ്തിറങ്ങിയ മഴ മണ്ണിനെ ഉറപ്പിച്ചുനിർത്തി. അങ്ങനെ മുസ്‌ലിംകൾക്ക് നടക്കാനുള്ള സൗകര്യമായി. മുകളിൽ നിൽക്കുന്ന എല്ലാ ചപ്പുചവറുകളും വെള്ളവുമെല്ലാം താഴ്ഭാഗത്ത് തമ്പടിച്ചു നിൽക്കുന്ന ശത്രുപാളയത്തിലേക്കാണ് ചെല്ലുന്നത്. അത് അവരുടെ സന്തോഷം കെടുത്തി. അവർക്ക് അത് ഒരു വലിയ വിഷമം സൃഷ്ടിച്ചു. അവർക്ക് കുടിക്കാനും കുളിക്കാനുമുള്ള വെള്ളമെല്ലാം മലിനമായി. അങ്ങനെ ആ മഴ മുസ്‌ലിംകൾക്ക് അനുഗ്രഹവും ശത്രുക്കൾക്ക് ഒരു ശിക്ഷ

> **“രണഭൂമിയിലേക്ക് ഇറങ്ങുന്ന തലേന്ന് രാത്രി കുടിച്ചും കൂത്താടിയും രമിച്ചും നൃത്തം ചെയ്തും പൈശാചികതയുടെ എല്ലാ കോലവും സൃഷ്ടിച്ച് ക്വുറയ്ശിപ്പട കഴിച്ചുകൂട്ടുമ്പോൾ പ്രാർഥനയിലായിരുന്നു നബിﷺയും അനുചരന്മാരും. അല്ലാവിന്റെ മുന്നിൽ സുജൂദിലായി കണ്ണുകൾ കരഞ്ഞുകലങ്ങിയ അവസ്ഥയിൽ ലോകത്തിന്റെ പ്രവാചകൻﷺ അല്ലാഹുവിനോട് പ്രാർഥിക്കുന്നു. ഇടക്കിടക്ക് തലയുയർത്തി, ഇരു കരങ്ങളും മുകളിലേക്കുയർത്തി അവിടുന്ന് അല്ലാഹുവിനോട് തേടുന്നു: 'അല്ലാഹുവേ, നീ എന്നോട് ചെയ്തിട്ടുള്ള വാഗ്ദാനം പൂർത്തിയാക്കേണമേ. അല്ലാഹുവേ, ഇസ്‌ലാമിന്റെ ഈ കൊച്ചുസംഘത്തെ നീ നശിപ്പിച്ചാൽ ഭൂമിയിൽ നീ ആരാധിക്കപ്പെടുന്നതല്ല (അതിനാൽ നീ ഞങ്ങളെ സഹായിക്കേണമേ).'”**

യുമായി മാറി. ശത്രുക്കളെ തൊട്ടുള്ള മുസ്‌ലിംകളുടെ ആധിയും പേടിയുമെല്ലാം അതിലൂടെ നീങ്ങുകയും അവർക്ക് സ്ഥൈര്യം ലഭിക്കുകയും ചെയ്തു.

മുസ്‌ലിംകളിൽ ചിലരുടെ മനസ്സിൽ ചില ദുർബോധനങ്ങൾ ഉടലെടുത്തിരുന്നു. 'സത്യത്തിന്റെ കക്ഷികളായ നാം, പ്രവാചകന്റെ സാന്നിധ്യമുള്ള നാം കുടിക്കാനും കുളിക്കാനും മറ്റു സൗകര്യങ്ങൾക്കും വെള്ളമില്ലാതെ വിഷമിക്കുന്നു! ശരിയായ രൂപത്തിൽ ഒന്ന് നടക്കാൻ പോലും ഈ ഭാഗത്ത് നമുക്ക് കഴിയുന്നുമില്ല. എന്നാൽ അസത്യത്തിന്റെ വക്താക്കളായ ക്വുറയ്ശിപ്പടക്ക് വെള്ളം യഥേഷ്ടമാണ്. നല്ല മണ്ണ്... എല്ലാം കൊണ്ടും സൗകര്യം...' എന്നിങ്ങനെ അവരിൽ ചിലർ പരസ്പരം അടക്കംപറഞ്ഞിരുന്നു. ഈ പൈശാചിക ചിന്തയെ ആ മഴ മുഖേന അല്ലാഹു നീക്കിക്കളയുകയും ചെയ്തു. അവരെ മാനസികമായും ശാരീരികമായും അല്ലാഹു ശുദ്ധീകരിക്കുകയും മനസ്സിന് ഉറപ്പ് നൽകുകയും ചെയ്തു.

രണഭൂമിയിലേക്ക് ഇറങ്ങുന്ന തലേന്ന് രാത്രി കുടിച്ചും കൂത്താടിയും രമിച്ചും നൃത്തം ചെയ്തും പൈശാചികതയുടെ എല്ലാ കോലവും സൃഷ്ടിച്ച് ക്വുറയ്ശിപ്പട കഴിച്ചുകൂട്ടുമ്പോൾ പ്രാർഥനയിലായിരുന്നു നബിﷺയും അനുചരന്മാരും. അല്ലാഹുവിന്റെ മുന്നിൽ സുജൂദിലായി കണ്ണുകൾ കരഞ്ഞുകലങ്ങിയ അവസ്ഥയിൽ ലോകത്തിന്റെ പ്രവാചകൻﷺ അല്ലാഹുവിനോട് പ്രാർഥിക്കുന്നു. ഇടക്കിടക്ക് തലയുയർത്തി, ഇരുകരങ്ങളും മുകളിലേക്കുയർത്തി അവിടുന്ന് അല്ലാഹുവിനോട് തേടുന്നു: 'അല്ലാഹുവേ, നീ എന്നോട് ചെയ്തിട്ടുള്ള വാഗ്ദാനം പൂർത്തിയാക്കേണമേ. അല്ലാഹുവേ, ഇസ്‌ലാമിന്റെ ഈ കൊച്ചുസംഘത്തെ നീ നശിപ്പിച്ചാൽ ഭൂമിയിൽ നീ ആരാധിക്കപ്പെടുന്നതല്ല (അതിനാൽ നീ ഞങ്ങളെ സഹായിക്കേണമേ).'

ഇരുകൈകളും വാനലോകത്തേക്കുയർത്തി അല്ലാഹുവിന്റെ റസൂൽﷺ അല്ലാഹുവിനോട് ദുആ ചെയ്യുമ്പോൾ അവിടുത്തെ തട്ടം നിലത്തുവീണു. അത് എടുത്ത് അബൂബക്ർ(റ) നബിﷺയുടെ ചുമലിലേക്ക് വെച്ചുകൊടുത്തു. എന്നിട്ട് അദ്ദേഹത്തെ കെട്ടിപ്പിടിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തു കൊണ്ട് അബൂബക്ർ(റ) ഇപ്രകാരം പറഞ്ഞു:

"അല്ലാഹുവിന്റെ പ്രവാചകരേ, അങ്ങയുടെ രക്ഷിതാവിനോടുള്ള അങ്ങയുടെ അഭിമുഖസംഭാഷണം മതി. തീർച്ചയായും അല്ലാഹു അങ്ങയോട് നൽകിയ വാഗ്ദാനം നിറവേറ്റുന്നതാണ്." അപ്പോൾ അല്ലാഹു (ആയത്ത്) ഇറക്കി: "നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക). തുടരെത്തുടരെയായി ആയിരം മലക്കുകളെ അയച്ചുകൊണ്ട് ഞാൻ നിങ്ങൾക്ക് സഹായം നൽകുന്നതാണ് എന്ന് അവൻ അപ്പോൾ നിങ്ങൾക്കു മറുപടി നൽകി." അങ്ങനെ മലക്കുകൾ മുഖേന അല്ലാഹു മുസ്‌ലിം പക്ഷത്തെ സഹായിച്ചു.

അങ്ങനെ പോർമുഖത്തേക്ക് അവിടുന്ന് ഇറങ്ങുകയാണ്. ആ സമയത്ത് അവിടുന്ന് ഇപ്രകാരം പറയുന്നുണ്ട്: 'എന്നാൽ വഴിയെ ആ സംഘം തോൽപിക്കപ്പെടുന്നതാണ്. അവർ പിന്തിരിഞ്ഞ് ഓടുകയും ചെയ്യും.'

മലക്കുകളെ ഇറക്കി അല്ലാഹു സഹായിക്കുമെന്ന് നബിﷺയോട് അല്ലാഹു അറിയിച്ചല്ലോ. അങ്ങനെ അല്ലാഹു മലക്കുകളെ അറിയിച്ചു:

"നിന്റെ രക്ഷിതാവ് മലക്കുകൾക്ക് ബോധനം നൽകിയിരുന്ന സന്ദർഭം (ഓർക്കുക). ഞാൻ നിങ്ങളുടെ കൂടെയുണ്ട്. അതിനാൽ സത്യവിശ്വാസികളെ നിങ്ങൾ ഉറപ്പിച്ചുനിർത്തുക. സത്യനിഷേധികളുടെ മനസ്സുകളിൽ ഞാൻ ഭയം ഇട്ടുകൊടുക്കുന്നതാണ്. അതിനാൽ കഴുത്തുകൾക്ക് മീതെ നിങ്ങൾ വെട്ടിക്കൊള്ളുക. അവരുടെ വിരലുകളെല്ലാം നിങ്ങൾ വെട്ടിക്കളയുകയും ചെയ്യുക" (ക്വുർആൻ 8:12).



ശക്തമായ സംഘട്ടനം നടന്നു. മലക്കുകൾ അല്ലാഹുവിന്റെ കൽപന പ്രകാരം യുദ്ധത്തിൽ പങ്കെടുത്തു. ശത്രുക്കളെ അരിഞ്ഞുവീഴ്ത്തി. ആയുധബലമില്ലാത്ത കൊച്ചുസംഘത്തെ മലക്കുകൾ മുഖേന അല്ലാഹു സഹായിച്ചു. നബിﷺക്ക് ഉറക്കത്തിൽ കാണിക്കപ്പെട്ടതുപോലെ ഓരോരുത്തരും അതാത് സ്ഥലങ്ങളിൽ നിലംപൊത്തിവീണു. പേടിച്ചരണ്ട ശത്രുക്കളുടെ പടയിലെ പലരും ഓടി. ക്വുറയ്ശി പടയുടെ തലവന്മാരടക്കം എഴുപത് പേർ ആ യുദ്ധത്തിൽ കൊല്ലപ്പെട്ടു. അത്രതന്നെ ആളുകളെ ബന്ധനത്തിലാക്കുകയും ചെയ്തു. പതിനാലുപേർ മുസ്‌ലിം പക്ഷത്തുനിന്ന് രക്തസാക്ഷികളാവുകയും ചെയ്തു. അങ്ങനെ നിരായുധരായ കൊച്ചുസംഘം ബദ്ർ യുദ്ധത്തിൽ വിജയിച്ചു. ആയുധബലമോ ആൾബലമോ അല്ല അല്ലാഹുവിന്റെ സഹായത്തിന് കാരണമെന്നും ഈമാനുണ്ടെങ്കിൽ അല്ലാഹുവിന്റെ സഹായം ഉറപ്പാണെന്നും വിളിച്ചറിയിക്കുന്ന ബദ്ർ യുദ്ധം അവസാനിച്ചു.

ആൾക്കൂട്ടമോ ഭൗതികസൗകര്യമോ ഒന്നും ഇല്ലെങ്കിലും സത്യസന്ധമായ വിശ്വാസത്തിന്റെ അടിത്തറയിൽ ജീവിക്കുന്നവർ എത്ര ചെറിയ സംഘമാണെങ്കിലും അല്ലാഹുവിന്റെ സഹായം ഉറപ്പാണ് എന്ന ഏറ്റവും വലിയ ഗുണപാഠമാണ് മുസ്‌ലിംകൾ ഈ സംഭവത്തിൽനിന്നും ഉൾകൊള്ളേണ്ടത്.

ബദ്റിൽ വധിക്കപ്പെട്ട ക്വുറയ്ശിപ്പടയിലെ ഇരുപത്തിനാലോളം വരുന്ന പ്രമുഖരുടെ ശരീരത്തെ അവിടെയുണ്ടായിരുന്ന ഒരു പൊട്ടക്കിണറ്റിലേക്ക് ഇട്ടു. രക്തസാക്ഷികളായ പതിനാല് സ്വഹാബിമാരുടെ മയ്യിത്ത് ആ പോർക്കളത്തിൽതന്നെ നബിﷺ ക്വബ്റടക്കി. ശത്രുക്കൾ കൊല്ലപ്പെട്ടതിന് ശേഷം മൂന്നുദിവസത്തോളം ആ ശരീരങ്ങൾ അവിടെത്തന്നെയായിരുന്നു. പിന്നീട് അവയിൽനിന്ന് ദുർഗന്ധം വരാൻ തുടങ്ങി. ശേഷമാണ് നബിﷺ അവരെ അവിടെയുള്ള പൊട്ടക്കിണറ്റിലേക്ക് ഇടുന്നത്. അന്നേരം അവരോട് നബിﷺ ചോദിച്ചു:

'ഞങ്ങളോട് ഞങ്ങളുടെ രക്ഷിതാവ് വാഗ്ദാനം ചെയ്തത് ഞങ്ങൾ സത്യമായി കണ്ടിരിക്കുന്നു. നിങ്ങളോട് നിങ്ങളുടെ രക്ഷിതാവ് വാഗ്ദാനം ചെയ്തത് നിങ്ങളും സത്യമായി കാണുന്നില്ലേ?' (റിപ്പോർട്ടർ) പറയുന്നു: 'അപ്പോൾ ഉമർ ؓ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, ആത്മാവില്ലാത്ത ശരീരത്തോട് എന്ത് സംസാരം?' അപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'മുഹമ്മദിന്റെ ആത്മാവ് ആരുടെ കൈയിലാണോ അവൻ തന്നെയാണ സത്യം, ഞാൻ പറയുന്നത് അവരെക്കാൾ കേൾക്കുന്നവരല്ല നിങ്ങൾ.' ക്വതാദ ؓ പറയുന്നു: 'അല്ലാഹു അവർക്ക് അത് കേൾപ്പിക്കാനായി ജീവൻ നൽകി.' നബിﷺയുടെ സംസാരം (അവരെ) നിന്ദിക്കുകയും ചെറുതാക്കുകയും (അവർക്ക്) വിഷമവും നഷ്ടബോധവും ദുഃഖവും ഉണ്ടാക്കുന്നതിനായിരുന്നു.

> **ബദറിൽ ശക്തമായ സംഘട്ടനം നടന്നു. മലക്കുകൾ അല്ലാഹുവിന്റെ കൽപന പ്രകാരം യുദ്ധത്തിൽ പങ്കെടുത്തു. ശത്രുക്കളെ അരിഞ്ഞുവീഴ്ത്തി. ആയുധബലമില്ലാത്ത കൊച്ചുസംഘത്തെ മലക്കുകൾ മുഖേന അല്ലാഹു സഹായിച്ചു. നബിﷺക്ക് ഉറക്കത്തിൽ കാണിക്കപ്പെട്ടതുപോലെ ഓരോരുത്തരും അതാത് സ്ഥലങ്ങളിൽ നിലംപൊത്തിവീണു. പേടിച്ചരണ്ട ശത്രുക്കളുടെ പടയിലെ പലരും ഓടി. ക്വുറയ്ശി പടയുടെ തലവന്മാരടക്കം എഴുപത് പേർ ആ യുദ്ധത്തിൽ കൊല്ലപ്പെട്ടു. അത്രതന്നെ ആളുകളെ ബന്ധനത്തിലാക്കുകയും ചെയ്തു. പതിനാലുപേർ മുസ്‌ലിം പക്ഷത്തുനിന്ന് രക്തസാക്ഷികളാവുകയും ചെയ്തു. അങ്ങനെ നിരായുധരായ കൊച്ചുസംഘം ബദ്ർ യുദ്ധത്തിൽ വിജയിച്ചു.**

ഈ സംഭവം അല്ലാഹുവല്ലാത്തവരോട് വിളിച്ചാൽ അവർ കേൾക്കും എന്നതിന് തെളിവാക്കുന്ന അൽപന്മാർ ഉണ്ട്. അബൂജഹ്‌ലും സംഘവും നബിﷺയുടെ സംസാരം കേട്ടില്ലേ എന്നതാണ് അവർ ഇതിൽ നിന്ന് നിർധാരണം ചെയ്യുന്നത്. മരണപ്പെട്ടവർ കേൾക്കുകയില്ല എന്നതാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ഇവർ കേട്ടത് ക്വതാദ ؓ തന്നെ വ്യക്തമാക്കിയത് ഇമാം ബുഖാരി(റഹി) ഉദ്ധരിക്കുകയും ചെയ്തല്ലോ; അല്ലാഹു അത് കേൾക്കാനായി അപ്പോൾ അവർക്ക് ജീവൻ നൽകി എന്നാണ്.

ഇവരുടെ വാദപ്രകാരം അബൂജഹ്‌ലിനോടും പ്രാർഥന അനുവദനീയമാകുകയല്ലേ ചെയ്യുന്നത്? കാരണം അവരാണല്ലോ കേട്ടത്. മരണപ്പെട്ടവർ കേൾക്കുകയില്ല എന്നതാണ് നബിﷺയുടെയും സ്വഹാബിമാരുടെയും വിശ്വാസം. നബിﷺ അവരോട് അപ്രകാരം സംസാരിക്കുമ്പോൾ ഉമർ ؓ അതിനെ സംബന്ധിച്ച് ചോദിച്ചത് നാം കണ്ടു. ഉമറി ؓ ന്റെ വിശ്വാസം എന്താ

യിരുന്നു? മരണപ്പെട്ടവർ നമ്മുടെ സംസാരംകേൾക്കില്ല എന്നുതന്നെ. ഉമർ ﵁ അപ്രകാരം ചോദിച്ചപ്പോൾ നബി ﷺ 'ഉമറേ, നിനക്ക് തെറ്റി. മരണപ്പെട്ടവർ കേൾക്കും' എന്നല്ല നബി ﷺ പറഞ്ഞത്. അപ്പോൾ നബി ﷺയുടെ വിശ്വാസവും മരണപ്പെട്ടവർ കേൾക്കില്ല എന്നാണ്. അഥവാ, ഈ സംഭവം മരണപ്പെട്ടവർ കേൾക്കില്ല എന്നതാണ് നമ്മെ പഠിപ്പിക്കുന്നത്. ഇതേ കാര്യം മറ്റൊരു റിപ്പോർട്ടിൽ ഇമാം ബുഖാരി ﵀ തന്നെ റിപ്പോർട്ട് ചെയ്തത് കാണുക:

ഇബ്നു ഉമറി ﵄ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "നബി ﷺ ബദ്റിലെ പൊട്ടക്കിണറിന്റെ അടുത്ത് നിന്നു. എന്നിട്ട് ചോദിച്ചു: 'നിങ്ങളുടെ റബ്ബ് നിങ്ങൾക്ക് വാഗ്ദാനം ചെയ്തത് സത്യമാണെന്ന് നിങ്ങൾ കണ്ടോ?' പിന്നീട് നബി ﷺ പറഞ്ഞു: 'തീർച്ചയായും ഇപ്പോൾ അവർ ഞാൻ പറയുന്നത് കേൾക്കുന്നവരാകുന്നു.' ആഇശ ﵂യോട് (ഇത്) പറയപ്പെട്ടു. അപ്പോൾ അവർ പറഞ്ഞു: 'നിശ്ചയം, നബി ﷺ പറഞ്ഞത്; തീർച്ചയായും ഇപ്പോൾ ഞാൻ അവരോട് പറഞ്ഞത് സത്യമാണെന്ന് അവർ അറിയുന്നവരാണ്' (എന്നാണ്). പിന്നീട് അവർ പാരായണം ചെയ്തു: 'മരണപ്പെട്ടവരെ നിനക്ക് കേൾപിക്കാനാവുകയില്ല; തീർച്ച. ബധിരൻമാർ പുറം തിരിച്ചു മാറിപ്പോയാൽ അവരെയും നിനക്ക് വിളികേൾപിക്കാനാവില്ല" (ക്വുർആൻ 27:80).

ഈ റിപ്പോർട്ടിൽനിന്ന് ആഇശ ﵂യും മരണപ്പെട്ടവർ കേൾക്കില്ല എന്ന് വിശ്വസിക്കുന്നവരായിരുന്നു എന്ന് നമുക്ക് മനസ്സിലാക്കാം. മരണപ്പെട്ടവർക്ക് നമ്മുടെ വിളിയോ മറ്റോ കേൾക്കാനുള്ള കഴിവ് അല്ലാഹു നൽകിയിട്ടില്ല. താൻ പറയുന്നത് അവരെ കേൾപിക്കാനുള്ള കഴിവ് നബി ﷺക്കും ഇല്ല. ഇവിടെ കേട്ടത് ആ സമയത്തേക്ക് മാത്രം പ്രത്യേകമായ ഒന്നാണ്. അത് നബി ﷺയിലൂടെ അല്ലാഹു പ്രകടമാക്കിയ ഒരു മുഅ്ജിസത്തായിരുന്നു. നബി ﷺയുടെ സംസാരം കേട്ട് അവർ നിന്ദ്യരാകാനും ശിക്ഷയുടെ കാഠിന്യം അറിയാനും നഷ്ടബോധം മനസ്സിലാകാനുമായുള്ള ഒരു മുഅ്ജിസതാണ്. മാത്രവുമല്ല, അവർ അത് കേട്ടുവെങ്കിലും അവർക്ക് അതിന് ഉത്തരം ചെയ്യാൻ സാധ്യമല്ല എന്നുകൂടെ ഫത്ഹുൽബാരിയിൽ കാണാം. ആഇശ ﵂ നബി ﷺയുടെ ഈ സംസാരത്തിൽനിന്ന് മനസ്സിലാക്കിയത് അവർ കേൾക്കും എന്ന് നബി ﷺ പറഞ്ഞത് അവർ അത് മനസ്സിലാക്കും എന്ന അർഥത്തിലാണ് എന്നാണ്.

### ബദ്റിലെ ബന്ധനസ്ഥർ

ബദ്ർ യുദ്ധത്തിൽ ക്വുറയ്ശികളിൽനിന്ന് എഴുപത് പേർ വധിക്കപ്പെടുകയും അത്രതന്നെ ആളുകൾ മുസ്‌ലിംകളുടെ ബന്ധനസ്ഥതയിൽ ആകുകയും ചെയ്തു. പിടിക്കപ്പെട്ട ഈ ബന്ധനസ്ഥരുടെ കാര്യത്തിൽ എന്ത് തീരുമാനമാണ് നാം എടുക്കേണ്ടത് എന്ന് നബി ﷺ സ്വഹാബിമാരുമായി കൂടിയാലോചന നടത്തുകയുണ്ടായി. അബൂബക്ർ ﵁, ഉമർ ﵁, അലി ﵁ തുടങ്ങിയവരെല്ലാം അവരുടെതായ അഭിപ്രായങ്ങൾ നബി ﷺയെ അറിയിച്ചു. അബൂബക്ർ ﵁ പറഞ്ഞത് ഇപ്രകാരമായിരുന്നു:

"അല്ലാഹുവിന്റെ ദൂതരേ, ഇവർ പിതൃവ്യപുത്രരും കുടുംബക്കാരും സഹോദരങ്ങളുമെല്ലാമാണല്ലോ. (അതിനാൽ) അവരിൽനിന്ന് മോചനമൂല്യം സ്വീകരിക്കാനാണ് ഞാൻ അഭിപ്രായപ്പെടുന്നത്. അങ്ങനെ നാം സ്വീകരിക്കുന്ന ആ മോചനമൂല്യം അവിശ്വാസികൾക്കെതിരിൽ നമുക്ക് ശക്തിയാകുകയും അല്ലാഹു അവരെ സന്മാർഗത്തിലാക്കിയാൽ അവർ നമുക്ക് ഒരു ശക്തിയാകുകയും ചെയ്യുന്നതാണ്.'

ബന്ധനസ്ഥരാക്കപ്പെട്ടവരെ വധിക്കണമെന്ന അഭിപ്രായമായിരുന്നു ഉമറി ﵁നുണ്ടായിരുന്നത്. അദ്ദേഹം പറഞ്ഞു: 'നബിയേ, അബൂബക്ർ പറഞ്ഞ അഭിപ്രായമല്ല എനിക്കുള്ളത്. അവരെ ഓരോരുത്തരെയായി നമുക്ക് കൊന്നുകളയാം. അവരിലെ ഓരോരുത്തരെയും അവരവരുടെ കുടുംബത്തിലെ അടുത്തവർ കൊല്ലണം. കാരണം അവർ അവിശ്വാസത്തിന്റെ നേതാക്കളും അതിന്റെ ശക്തന്മാരും മല്ലന്മാരുമാണ്. അവരെ നാം വിട്ടാൽ അവർ ഇനിയും നമുക്കെതിരിൽ തിരിയും.' എന്നാൽ നബി ﷺ അബൂബക്റി ﵁ന്റെ അഭിപ്രായത്തോടാണ് യോജിച്ചത്. ഉമർ ﵁ പറയുന്നത് സ്വഹീഹ് മുസ്‌ലിമിൽ ഇപ്രകാരം കാണാം:

"അങ്ങനെ അബൂബക്ർ പറഞ്ഞതിനോട് അല്ലാഹുവിന്റെ റസൂൽ ﷺ യോജിച്ചു. ഞാൻ പറഞ്ഞതിനോട് അവിടുന്ന് യോജിച്ചില്ല. അങ്ങനെ അടുത്ത ദിവസമായപ്പോൾ ഞാൻ (തിരുസവിധത്തിൽ) വന്നു. അപ്പോഴുണ്ട്, അല്ലാഹുവിന്റെ റസൂലും ﷺ അബൂബക്റും കരഞ്ഞിരിക്കുന്നു! ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, അങ്ങയെയും അങ്ങയുടെ കൂട്ടുകാരനെയും കരയിപ്പിക്കുന്നത് എന്താണെന്ന് എനിക്ക് പറഞ്ഞുതന്നാലും. കരയേണ്ടുന്നതായി (വല്ലതും) ഞാൻ കണ്ടാൽ ഞാനും കരയുന്നതാണ്. കരയേണ്ടുന്ന ഒന്നും ഞാൻ ക

ണ്ടില്ലെങ്കിലും നിങ്ങളുടെ ഇരുവരുടെയും കൂടെ ഞാനും കരയുന്നതാണ്.' അപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'തീർച്ചയായും അവരുടെ ശിക്ഷ ഈ വൃക്ഷത്തെക്കാളും സമീപസ്ഥമാണെന്ന് എനിക്ക് വെളിവാക്കപ്പെട്ടിരിക്കുന്നു.' (തുടർന്ന്) അല്ലാഹു (ക്വുർആൻസൂക്തം) ഇറക്കി: "ഒരു പ്രവാചകന്നും (ശത്രുക്കളെ കീഴടക്കി) നാട്ടിൽ ശക്തി പ്രാപിക്കുന്നതു വരെ യുദ്ധത്തടവുകാരുണ്ടായിരിക്കാൻ പാടുള്ളതല്ല. നിങ്ങൾ ഇഹലോകത്തെ ക്ഷണികമായ നേട്ടം ആഗ്രഹിക്കുന്നു. അല്ലാഹുവാകട്ടെ പരലോകത്തെയും ഉദ്ദേശിക്കുന്നു. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു. അല്ലാഹുവിങ്കൽനിന്നുള്ള നിശ്ചയം മുൻകൂട്ടി ഉണ്ടായിരുന്നില്ലെങ്കിൽ നിങ്ങൾ ആ വാങ്ങിയതിന്റെപേരിൽ നിങ്ങളെ വമ്പിച്ച ശിക്ഷ ബാധിക്കുകതന്നെ ചെയ്യുമായിരുന്നു. എന്നാൽ (യുദ്ധത്തിനിടയിൽ) നിങ്ങൾ നേടിയെടുത്തതിൽനിന്ന് അനുവദനീയവും ഉത്തമവുമായത് നിങ്ങൾ ഭക്ഷിച്ചു കൊള്ളുക. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (ക്വുർആൻ 8:67-69).

അങ്ങനെ അവർക്ക് അല്ലാഹു യുദ്ധാർജിത സ്വത്ത് അനുവദിക്കുകയുണ്ടായി. ശരിയായ ഒരു അസ്തിത്വം മദീനയിൽ മുസ്‌ലിംകൾക്ക് കൈവരുന്നതിന് മുമ്പ് ബന്ധികളായി തടവിലാക്കുക എന്നത് പ്രവാചകന്മാർക്ക് അല്ലാഹു അനുവാദം നൽകിയിട്ടില്ലാത്ത കാര്യമാണ്. ബദ്ർ യുദ്ധത്തിൽ പിടിക്കപ്പെട്ടവരെ ബന്ധികളാക്കുകയും അവരിൽ നിന്ന് മോചന മൂല്യം വാങ്ങി വിട്ടയക്കാം എന്നും ഉള്ള നബിﷺയുടെ തീരുമാനത്തെ അല്ലാഹു തിരുത്തുകയാണ് ഈ സൂക്തത്തിലൂടെ നാം കാണുന്നത്. നബിﷺ മറ്റു സ്വഹാബിമാരോട് കൂടിയാലോചിച്ച് എടുത്ത തീരുമാനമാണെങ്കിലും ആ തീരുമാനം പാളിപ്പോയിട്ടുണ്ട്. അല്ലാഹുവിൽ നിന്നും അതിനെ പറ്റിയുള്ള അറിവ് ലഭിക്കുന്നതിന് മുമ്പ് നബിﷺ ഇജ്തിഹാദ് ചെയ്താണ് ഇങ്ങനെ ഒരു തീരുമാനത്തിൽ എത്തിയത്. അതിനാലാണ് ആ തീരുമാനം അല്ലാഹു അംഗീകരിക്കാതിരുന്നത്.


മോചന മൂല്യം നിശ്ചയിച്ച് അവരെ വിട്ടയക്കുവാനുള്ള ന്യായം അബൂബക്റി‍ന്റെ അഭിപ്രായ പ്രകടനത്തിൽനിന്ന് നാം മനസ്സിലാക്കിയല്ലോ. അതിനെ സംബന്ധിച്ച് 'നിങ്ങൾ ഐഹിക ജീവിതത്തിലെ വിഭവങ്ങളാണ് ഉദ്ദേശിക്കുന്നതെന്നും അല്ലാഹു പാരത്രികമാണ് ഉദ്ദേശിക്കുന്നതെന്നും' അല്ലാഹു താക്കീത് നൽകി. മാത്രവുമല്ല, അല്ലാഹുവിൽനിന്നുള്ള ഒരു തീരുമാനം മുമ്പേ ഇല്ലായിരുന്നെങ്കിൽ ഈ നടപടിയുടെ പേരിൽ ശിക്ഷക്ക് തന്നെ അവർ കാരണക്കാരാകുമായിരുന്നു. എന്താണ് അല്ലാഹു മുമ്പേ എടുത്തിട്ടുള്ള തീരുമാനം? ക്വുർആൻ വ്യാഖ്യാതക്കൾ അതു സംബന്ധമായി പല



കാര്യങ്ങളും വിശദീകരിച്ചിട്ടുണ്ട്. അല്ലാഹു ഒരു തീരുമാനം അറിയിച്ചതിന് ശേഷം അല്ലാഹുവിനോട് എതിർപ്പ് പ്രകടിപ്പിച്ചുകൊണ്ടുള്ള ഒരു തീരുമാനമല്ലല്ലോ നബിﷺ സ്വീകരിച്ചത്. അതിനാൽ അവർ കുറ്റക്കാരല്ല. അതുപോലെ ബന്ധികളായി പിടിച്ചവരെ മോചനമൂല്യം കൈപ്പറ്റി മോചിപ്പിക്കാവതല്ല എന്നൊരു നിയമവും അവർക്ക് പരിചയമില്ലാത്തതാണ്. അങ്ങനെയൊരു സന്ദേശം അല്ലാഹു നബിﷺക്ക് നൽകിയിട്ടുമില്ല. ഇങ്ങനെ അല്ലാഹുവിന്റെ തീരുമാനം വന്നിട്ടില്ലാത്ത ഒരു കാര്യത്തിൽ ചിന്തിച്ചെടുക്കുന്ന ഒരു തീരുമാനത്തിൽ അബദ്ധം സംഭവിച്ചുകൂടായ്കയില്ലല്ലോ. ആ നിലക്ക് സംഭവിച്ച ഈ അബദ്ധത്തിന്റെ പേരിൽ അല്ലാഹു ശിക്ഷിക്കുന്നതുമല്ല. അത് അല്ലാഹു മാപ്പ് നൽകും. അങ്ങനെ ഒരു തീരുമാനം അല്ലാഹു മുമ്പേ എടുത്തിട്ടുണ്ട്. അങ്ങനെ നോക്കുമ്പോൾ നബിﷺയോ സ്വഹാബിമാരോ ഒരു തെറ്റ് ഇവടെ ചെയ്തിട്ടില്ല. അഥവാ, അല്ലാഹുവിന്റെ നിയമത്തെ അവർ ചോദ്യം ചെയ്യാത്തതിനാൽ അവർ കുറ്റക്കാരല്ല എന്നർഥം.

അബ്ദുൽ മാലിക് സലഫി
malikmorayur114@gmail.com

ലേഖനം



# ചരിത്രസത്യത്തെ ഭയപ്പെടുന്നവർ

“പക്ഷേ, നമ്മുടെ വികലമായ ചരിത്രത്തിൽ ഒരുവിഭാഗം വിസ്മരിക്കപ്പെട്ടിരിക്കുന്നു. പൂക്കോട്ടൂരിലെയും മേൽമുറിയിലെയും പാവനമണ്ണിൽ പരതന്ത്ര്യത്തിനെതിരായി പടപൊരുതി ചോര ചിന്തിയ, വാഗൺ ട്രാജഡിയിൽ ശ്വാസംമുട്ടി പിടഞ്ഞു പിടഞ്ഞു മരിച്ച, ബ്രിട്ടീഷ് ഗവൺമെന്റിന്റെ തീതുപ്പുന്ന പീരങ്കികൾക്ക് വിരിമാറുകാട്ടി പരലോകംപൂണ്ട സഹോദരന്മാർ ഒരു വർഗീയ ലഹളയിൽ പങ്കെടുത്ത ദേശദ്രോഹികളായിത്തീർന്നിരിക്കുന്നു! അവരെ ആദരിക്കണ്ട; അവശേഷിച്ച ആ സ്വാതന്ത്ര്യഭടന്മാർക്ക് താമ്രപത്രവും പെൻഷനും നൽകണം. അവരെ അപമാനിക്കാതിരിക്കയെങ്കിലും ചെയ്തുകൂടേ?”

ഇ.മൊയ്തു മൗലവിയുടെ, ‘ഇന്ത്യൻ മുസ്‌ലിംകളും സ്വാതന്ത്ര്യ പ്രസ്ഥാനവും’ എന്ന പ്രസിദ്ധ ഗ്രന്ഥത്തിന്റെ ആമുഖത്തിൽ 1982ൽ സി.എച്ച് മുഹമ്മദ് കോയ സാഹിബ് എഴുതിയ വരികളാണിത്. ചരിത്ര വസ്തുതകളെ കുഴിച്ച് മൂടാൻ ശ്രമിക്കുന്നവരുടെ പരിശ്രമങ്ങൾ ഏറെ മുമ്പേ തുടങ്ങിയിട്ടുണ്ട് എന്നതിന് ഈ വരികൾ സാക്ഷിയാണ്.

ഫാഷിസം എന്തിനാണ് യഥാർഥ ചരിത്രത്തെ ഇത്രമേൽ ഭയക്കുന്നത്? തങ്ങളുടെ പൂർവികരുടെ ചെയ്തികളിലുള്ള ജാള്യം മൂലമാണെങ്കിൽ അതിന് ചിലരുടെ പേര് വെട്ടിയാൽ മാത്രം പരിഹാരമാകുമോ?

മുസ്‌ലിം നാമമാണ് പ്രശ്നമെങ്കിൽ ഇവിടംകൊണ്ട് ഇത് തീരുകയും ഇല്ല! ഇന്ത്യാഗേറ്റടക്കം പൊളിക്കേണ്ടിവരും. അവിടെയും അവസാനിക്കില്ല! ഇന്ത്യയിലെ മണ്ണു മുഴുവൻ മാന്തിയെടുത്ത് അറബിക്കടലിൽ തള്ളേണ്ടിവരും! കാരണം, ഈ മണ്ണിന് ആ പോരാളികളുടെ ചോരയുടെ മണമുണ്ട്.

ചരിത്രം നിർമിച്ചവർതന്നെ ചരിത്രം പറയലാണ് നല്ലത്. വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി തന്നെ വിശദീകരിക്കട്ടെ:

"അവരും (ഹിന്ദുക്കളും) നമ്മെപോലെ കഷ്ടപ്പെടുന്നവരാണ്. ഞാൻ ഇന്നലെ ഒരു വിവരം അറിഞ്ഞു. ഇത് ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിലുള്ള ഒരു യുദ്ധമായി പുറം രാജ്യങ്ങളിൽ പറയുന്നുണ്ടത്രെ. നമുക്ക് ഹിന്ദുക്കളോട് പകയില്ല. എന്നാൽ ഗവൺമെന്റിനെ സഹായിക്കുകയോ ഗവൺമെന്റിന്റെ ആൾക്കാർക്ക് ഒറ്റുകൊടുക്കുകയോ ചെയ്താൽ നിർദയമായി അവരെ ശിക്ഷിക്കും. ഇത് മുസൽമാന്റെ രാജ്യമാകാൻ ആഗ്രഹമില്ല" (വാഗൺ ട്രാജഡിപേജ് 62).

മലബാർ സമരം ആർക്കെതിരെയായിരുന്നു എന്ന് ഇതിൽനിന്ന് വ്യക്തം. ബ്രിട്ടീഷുകാരെ സഹായിച്ചവരെ മതം നോക്കാതെ അവർ ശിക്ഷിച്ചിട്ടുണ്ട്. (ഇതിന്റെ മതപരമായ വിധി ഇവിടെ ചർച്ച ചെയ്യുന്നില്ല).

ആനക്കയം കൂരിമണ്ണിൽ ചേക്കുട്ടി ഇൻസ്പെക്ടർ, തിരൂരങ്ങാടിയിലെ അധികാരി കെ.ടി.മൂസക്കുട്ടി, ചോല ഉണ്ണീൻ എന്നിവർ പോരാളികളുടെ പ്രതികാര നടപടിക്ക് വിധേയരായവരായിരുന്നു. ചേക്കുട്ടിയുടെ തല അറുക്കപ്പെട്ടിട്ടുണ്ട്.


'അധികാരിച്ചേക്കുട്ടിന്റെ തലയവർ മുറിച്ചു

അതുമൊരു കുന്തത്തിന്മേൻ അവർ കുത്തിപ്പിടിച്ചു'

എന്ന പാട്ടിന്റെ പശ്ചാത്തലം അതാണ്.

മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടിനെ ബ്രിട്ടീഷുകാർ അറസ്റ്റ് ചെയ്തത് മലബാർ സമരത്തിൽ പങ്കെടുത്തതിനാലായിരുന്നു എന്നത് സമരത്തിലെ ഹിന്ദുക്കളുടെ സാന്നിധ്യം വ്യക്തമാക്കുന്നുണ്ട്.

പുതിയ വീട്ടിൽ രാമുണ്ണി നായരുടെ വീട് ചിലർ കൊള്ളചെയ്ത വിവരം കുഞ്ഞഹമ്മദ് ഹാജിക്ക് ലഭിച്ചു. അവരെ മുഴുവൻ പിടിച്ച് തന്റെ മുന്നിൽ ഹാജറാക്കാൻ അദ്ദേഹം കൽപിച്ചു. കൊള്ളമുതലുകൾ മുഴുവൻ മടക്കിക്കൊടുക്കാനും ഓരോരുത്തർക്കും ഇരുപത് അടി വീതം ശിക്ഷ നൽകാനും അദ്ദേഹം വിധിച്ചു. കുഞ്ഞാമു എന്ന വ്യക്തി മുതൽ തിരികെ കൊടുക്കാൻ കൂട്ടാക്കിയില്ല. അയാളെ 125 അടി അടിക്കാൻ കുഞ്ഞഹമ്മദ് ഹാജി കൽപിച്ചു.



അടിശിക്ഷ കഴിഞ്ഞതിനുശേഷം അയാളെ ഹാജിയാരുടെ മുമ്പാകെ ഹാജറാക്കി. അയാൾ കുറ്റം സമ്മതിച്ചു. കളവുമുതൽ കുഴിച്ചിട്ട സ്ഥലത്തുനിന്ന് മാന്തിയെടുത്ത് അവർക്ക് തിരികെ നൽകി. കെ.മാധവൻ നായർ ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. (മലബാർ കലാപം, പേജ് 260).

പാളിച്ചകൾ സംഭവിച്ചിട്ടുണ്ട് എങ്കിലും മലബാർ കലാപം സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായിരുന്നു എന്നതിൽ യാതൊരു സംശയവുമില്ല. അതിനെ മാപ്പിളമാരുടെ മത ഭ്രാന്തായി മാത്രം ചിത്രീകരിക്കാനുള്ള ശ്രമങ്ങൾക്ക് കുമാരനാശാന്റെ 'ദുരവസ്ഥ'യുടെ അവസ്ഥയാണ് ഉണ്ടാവുക. ഇന്നല്ലെങ്കിൽ നാളെ അത് തിരുത്തേണ്ടി വരും.

കുയിലിന്റെ നാദമാണ് മുഴങ്ങിക്കേൾക്കുക; കൊതുകിന്റെ ചിറകടിയല്ല!

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



# വെള്ളത്തിൽ ആണിയടിക്കുന്നവർ

ഇന്നലെകളിൽ ജീവിച്ചവരുടെ
ജീവിതത്തിന്റെ
ഉപ്പും പുളിയും കയ്പും മധുരവും
ദുഃഖവും സന്തോഷവുമാണ് ചരിത്രം.
പിറന്നമണ്ണിന്റെ സ്വാതന്ത്ര്യത്തിനായി
പോരാട്ടത്തിന്റെ കനൽപഥങ്ങൾ
താണ്ടിയവരുണ്ട്,
അധിനിവേശക്കാർക്ക്
പാദസേവ ചെയ്ത്
നാടിന്റെ പോരാളികളെ
ഒറ്റുകൊടുത്തവരുണ്ട്...
എല്ലാം ചരിത്രത്തിന്റെ
താളുകളിലുണ്ട്.
ചരിത്രസത്യങ്ങൾ
മായ്ച്ചാൽ മായില്ല.
എന്നിട്ടും അതിന്റെ
ചിലഭാഗം ചുരണ്ടിക്കളയാനും
പുതുതായി ചില
ഏടുകൾ തുന്നിച്ചേർക്കാനും
ശ്രമിക്കുന്നു ഭോഷൻമാർ!
വെള്ളത്തിൽ ആണിയടിക്കാൻ
ശ്രമിക്കുന്ന മണ്ടൻമാർ!
വെള്ളക്കാരുടെ തോക്കിനെയും
ലാത്തിയെയും പേടിക്കാതെ
പോരാടി വീരമൃത്യുവരിച്ച
രാജ്യസ്നേഹികളുടെ പട്ടികയിൽ
തങ്ങളുടെ മുൻഗാമികളിൽ
ഒരാളുടെയും പേരില്ലാത്തതിനാൽ
ബാക്കിയുള്ളവർ എന്തുപിഴച്ചു?
കണ്ണാടി കുത്തിപ്പൊട്ടിച്ചാൽ
മുഖത്തിന്റെ വൃത്തികേട് മാറുമോ?
കൂട്ടരേ,
റോസാപൂവിന്റെ സൗരഭ്യം
ശവംനാറിപ്പൂവിനുണ്ടാകില്ല.
പൂക്കളൂടെ പട്ടികയിൽനിന്ന്
റോസാപൂവിനെ വെട്ടിമാറ്റിയാലും
അതിന്റെ സൗന്ദര്യവും
സൗരഭ്യവും ഇല്ലാതാകില്ല.



WISDOM students

# സർഗ വസന്തം

2021 ആഗസ്റ്റ് - ഒക്ടോബർ

LOADING...

## മത്സരയിനങ്ങൾ

### ബഡ്സ്

2016 ജൂൺ 1 നോ ശേഷമോ ജനിച്ചവർ

1. ആംഗ്യ ഗാനം മലയാളം
2. ഇസ്‌ലാമിക ഗാനം മലയാളം
3. കഥ പറയൽ

### കിഡ്സ്

2013 ജൂൺ 1 നോ ശേഷമോ ജനിച്ചവർ

1. കഥ പറയൽ
2. ഇസ്ലാമിക ഗാനം മലയാളം
3. ഖിറാഅത്ത്
4. പ്രസംഗം മലയാളം

### ചിൽഡ്രൻ

2010 ജൂൺ 1 നോ ശേഷമോ ജനിച്ചവർ

1. ഇസ്‌ലാമിക ഗാനം മലയാളം
2. പ്രസംഗം മലയാളം
3. പ്രസംഗം ഇംഗ്ലീഷ്
4. ഹിഫ്ദ്
5. അറബി പദ്യം ചൊല്ലൽ

### സബ് ജൂനിയർ

2007 ജൂൺ 1 നോ ശേഷമോ ജനിച്ചവർ

1. ഇസ്ലാമിക ഗാനം മലയാളം
2. നിമിഷ പ്രസംഗം മലയാളം
3. പ്രസംഗം ഇംഗ്ലീഷ്
4. ഖിറാഅത്ത്
5. മാപ്പിളപ്പാട്ട്
6. ക്വിസ്
7. അടിക്കുറിപ്പ്

### ജൂനിയർ

2004 ജൂൺ 1 നോ ശേഷമോ ജനിച്ചവർ

1. ഇസ്ലാമിക ഗാനം മലയാളം
2. നിമിഷ പ്രസംഗം മലയാളം
3. പ്രസംഗം ഇംഗ്ലീഷ്
4. ഖിറാഅത്ത്
5. അറബി പദ്യം ചൊല്ലൽ
6. മാപ്പിളപ്പാട്ട്
7. ക്വിസ്
8. അടിക്കുറിപ്പ്

### സീനിയർ

2004 ജൂൺ 1 ന് മുമ്പും 1996 ജൂൺ 1 ന് ശേഷവും ജനിച്ചവർ

1. നിമിഷ പ്രസംഗം മലയാളം
2. നിമിഷ പ്രസംഗം ഇംഗ്ലീഷ്
3. പ്രസംഗം അറബി
4. ഇസ്ലാമിക ഗാനം മലയാളം
5. അറബി ഗാനം
6. മാപ്പിളപ്പാട്ട്
7. ഹിഫ്ള്

**രജിസ്ട്രേഷൻ ആരംഭിച്ചു**

Visit: www.sargavasantham.com

wisdomstudents

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 SEPTEMBER 04

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

അറിവ് തേടി
അലയേണ്ടതില്ല...
അറിയേണ്ടതെല്ലാം
വിരൽ തുമ്പിലുണ്ട്...
പീസ് റേഡിയോ.....




GET IT ON Google Play
Download on the App Store

പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ

| | |
|---|---|
| A/C No. | 918010068641992 |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App
BHIM UPI
Google Pay Paytm